
Registered No. M-4485 Madras War Review, Malayalam—20-4-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഏപ്രിൽ 20-ാംനു, വെള്ളിയാഴ്ച [ലക്കം 32



## സാൻഫ്രാൻസിസ്ക്കോവിൽ നമ്മുടെ ലക്ഷ്യം

**എല്ലാ** ഭൂഖണ്ഡങ്ങളിലുമുൾപ്പെട്ട ബ്രിട്ടീഷു രാഷ്ട്രസമുച്ചയത്തിലെ ഗവർമ്മേണ്ടുകളുടേയും, ജനങ്ങളുടേയും ലക്ഷ്യത്തെ അവരുടെ പ്രതിനിധികൾ മുഖാന്തരം സ്പഷ്ടമാക്കുന്നതാണു്. എന്താണു് ആ ലക്ഷ്യം? ഒരു ലോകരീതി സ്ഥാപിക്കുക എന്നതു്. എങ്ങിനെയുള്ള ലോകഘടന? നമ്മുടെ ജനങ്ങൾ ചെയ്ത ത്യാഗങ്ങൾക്കു് അനുയോജ്യമായതും എല്ലാ രാഷ്ട്രങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും സാമ്പത്തികവും സാമൂഹ്യവുമായ പുരോഗമനവും, സമാധാനവും, അനുരഞ്ജിപ്പും സൃഷ്ടിക്കുന്നതുമായ ഒരു സംഘടന നിർമ്മിക്കുക.

—1945 ഏപ്രിൽ 13-ാംനു ലണ്ടനിൽവെച്ചു് ബ്രി. രാഷ്ട്രസമുച്ചയത്തിൽനിന്നുള്ള പ്രതിനിധികൾ പുറപ്പെടുവിച്ച ഔദ്യോഗിക പ്രസ്താവന

# ജർമ്മനി തികച്ചും തോററുകഴിഞ്ഞു

ജർമ്മൻകാർ തികച്ചും പരാജയപ്പെട്ടുകഴിഞ്ഞു. ഈ യുദ്ധത്തിൽ അവക്ക് എന്തെങ്കിലും മേന്മ നേടാമെന്നുള്ള യാതൊരു വക അഭിലാഷവും മേലിൽ ഉണ്ടാവാൻ വഴിയില്ല.

എന്നാൽ നാസി കക്ഷിയുടെ കൈവശമുള്ള ജർമ്മൻസൈനിക യന്ത്രം ഒരിക്കലും കീഴടങ്ങുകയില്ല. അവസാനംവരെ അവർ പൊരുതി നിൽക്കും. ഒടുവിൽ ഉന്മാദികളായ ആ ക്രൂരർ പർവ്വതങ്ങളിലേക്കു പിൻമാറുകയും, അവിടെ വെച്ചു വളഞ്ഞു പിടിക്കപ്പെടുകയും ചെയ്യും.

ബവേറിയൻ പർവ്വതങ്ങളിലേക്കു നാസികൾ പിന്മാറുമെന്നു നിങ്ങൾ കൂടെക്കൂടെ കേട്ടുവരുന്നു. എനിക്കതിനെപ്പററി അറിഞ്ഞുകൂടാ; പക്ഷെ നമ്മൾ ആ വർത്തമാനം വായിച്ചുവരുന്നു. എല്ലാ സാധനങ്ങളും ജർമ്മൻകാർ നശിപ്പിക്കും.

ഇരുപതുലക്ഷംത്തോളം ജർമ്മൻ തടവുകാരെ ഡി-ദിനത്തിന്നുശേഷം (1944 ജൂൺ 6-ാം തിയ്യതിക്കുശേഷം) സഖ്യസേനകൾ പിടിച്ചിട്ടുണ്ട്. പൊരുതുന്നതിന്നു ഒരൊററ ജർമ്മൻകാരൻപോലും, അവശേഷിക്കാത്ത ഒരവസരം വരും. ഹിററ്ലർ അയാളെ്ാന്നിച്ചു മുഴുവൻ ജർമ്മനിയേയും വലിച്ചിഴക്കും. അതിനാൽ എപ്പോഴാണ് യുദ്ധം അവസാനിക്കുക എന്നു നിങ്ങൾക്കു പ്രവചിക്കാൻ മേല. ജർമ്മനിയിൽ പൊതുജനാഭിപ്രായം എന്നൊന്നില്ല. യാതൊരാൾക്കും എഴുന്നേററുനിന്നു അവിടെ ഇങ്ങിനെ പറവാൻ വയ്യ "ഞങ്ങൾക്കു മടുത്തുകഴിഞ്ഞു; ഇതു അവസാനിച്ചുകഴിഞ്ഞാൽ മതി" ആരെങ്കിലും ഇതിനു മുതിന്നാൽ അവൻെറ കഥ കഴിഞ്ഞു.

ജർമ്മൻകാർ ഇപ്പോൾ സേനകളെ പിൻതിരിക്കുന്നില്ല അന്ത്യശ്വാസംവരെ, അവരെവിടെ നിൽക്കുന്നുവോ അവിടെനിന്നു പൊരുതുന്നതിന്ന് അവർ ശാസിക്കപ്പെട്ടിരിക്കുന്നു. നാശം, സർവ്വത്രനാശം, അതാണു അവരുടെ മുദ്രാവാക്യം. എല്ലാ പാലങ്ങളും നശിപ്പിക്കപ്പെട്ടിരിക്കുന്നു. ബ്രി. സേന വടക്കുഭാഗത്തു മന്ദമായി മുന്നോട്ടു പോവാനുള്ള കാരണം, എല്ലാം ആ പ്രദേശങ്ങളിൽ നശിപ്പിക്കപ്പെട്ടിരിക്കുന്നതാണ്.

—ഫീൽഡ്മാർഷൽ മണ്ട്ഗോമറി ഏപ്രിൽ 13-ാം തിയ്യതി സേനകൾക്കു നൽകിയ ഒരു സന്ദേശത്തിൽ.

---

# പരേതനായ പ്രസിഡെണ്ട് റൂസ്‌വെൽററ്

## നേതാക്കന്മാരുടെ അനുശോചനസന്ദേശങ്ങൾ

ഫ്രാൻക്ലിൻ ഡെലാനോ റൂസ്‌വെൽററ് 1882 ജനുവരി 30-ാംനു ന്യൂയോക്കിലുള്ള ഹൈഡ് പാർക്കിൽ ഭൂജാതനായി. 1649 ൽ അമേരിക്കയിൽ കുടിയേറിപ്പാർത്ത ഒരു ഡച്ചു കുടുംബത്തിൽ അദ്ദേഹം പിറന്നു. അദ്ദേഹത്തിൻെറ അമ്മയുടെ പേർ ഡിലാനൊ എന്നായിരുന്നു. മുമ്പൊരിക്കൽ അമേരിക്കൻ പ്രസിഡെണ്ടായിരുന്ന തിയോഡർ റൂസ്‌വെൽററുമായി അദ്ദേഹത്തിന്നൊരകന്ന ചാർച്ചയുണ്ട്.

ഫ്രാൻക്ലിൻ റൂസ്‌വെൽററ് 1904 ൽ ഹാർവാഡ് സർവ്വകലാശാലയിൽനിന്നു ഉപരിപഠനം കഴിക്കുകയും 1907 ൽ കൊളമ്പിയ ലാസ്കൂളിൽനിന്നു ബിരുദനേടുകയും ചെയ്തു. അദ്ദേഹം ഡിമോക്രാററിക് പാർട്ടിയിൽ ചേരുകയും 1910 ൽ ന്യൂയോക്ക് സ്റ്റേയിററ് സെനററിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു. 1912 ൽ അദ്ദേഹം വുഡ്റൊവിൽസൻെറ സ്ഥാനാർത്ഥിത്വത്തെ അനുകൂലിച്ചു. വിൽസൻ പ്രസിഡെണ്ടായപ്പോൾ റൂസ്‌വെൽററിനെ അമേരിക്കൻ നേവിയുടെ അസിസ്റ്റണ്ട് സക്രട്ടറിയായി നിയമിച്ചു. 1918 ൽ അദ്ദേഹം യൂറോപ്പിലേക്കു സൈനിക പരിശോധനക്കായിപ്പോയി. 1920 ൽ വൈസ്പ്രസിഡെണ്ട് സ്ഥാനത്തേക്കു നിന്നു പരാജിതനായതിന്നു ശേഷം ന്യൂയോക്കിൽ അദ്ദേഹം അഭിഭാഷകവൃത്തിയിലേർപ്പെട്ടു. 1928വരേയും അദ്ദേഹം ഈ ജോലി തുടർന്നു. 1921 ആഗസ്റ്റിൽ അദ്ദേഹം വാതരോഗബാധിതനായി അദ്ദേഹത്തിൻെറ കാലുകൾക്കു ശക്തി കുറഞ്ഞു, ഇതുകൊണ്ടെന്നും അദ്ദേഹത്തിൻെറ രാഷ്ട്രീയ പ്രവർത്തന ഔത്സുക്യത്തിന്നു ലേശവും കോട്ടം തട്ടിയില്ല. 1928 ൽ അദ്ദേഹത്തെ ന്യൂയോക്കിലെ ഗവർണ്ണരായി തിരഞ്ഞെടുത്തു. 30 ൽ വീണ്ടും ആസ്ഥാനത്തേയ്ക്കു അദ്ദേഹം തന്നെ തിരഞ്ഞെടുക്കപ്പെട്ടു. 1933 മാർച്ച് 4-ാംനു ഫ്രാൻക്ലിൻ റൂസ്‌വെൽററ് അമേരിക്കൻ പ്രസിഡെണ്ട് സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുകയും അമേരിക്കൻ ജീവിതത്തിൽ 'ന്യൂ ഡീൽ' എന്ന സധീരമായ സാമൂഹ്യസാമ്പത്തിക പരിഷ്കരണങ്ങൾ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ആരംഭിക്കപ്പെടുകയും ചെയ്തു. 1936 ലും 40 ലും 44 ലും റൂസ്‌വെൽററ് പ്രസിഡെണ്ടു സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ ചരിത്രത്തിൽ ഇതുവരേയും ഉണ്ടാകാത്ത ഒരു സംഗതിയാണ് ഒരേ ഒരാളെ തന്നെ തുടരെത്തുടരെയായി പ്രസിഡെണ്ടു സ്ഥാനത്തേക്കു തിരഞ്ഞെടുക്കുക എന്നത്. 'ന്യൂ ഡീലി'ന്നു പുറമെ. 'ടെന്നിസിവാലി അതോറിററി' എന്ന പേരിൽ അറിയപ്പെടുന്ന സാമ്പത്തിക പദ്ധതിയുടെ രൂപീകരണത്തിന്നും നിർവ്വഹണത്തിന്നും ഉത്തരവാദി പ്രസിഡെണ്ട് റൂസ്‌വൽററാണ്.

സ്വേച്ഛാധിപത്യങ്ങളോടു റൂസ്‌വെൽററിന്നു കടുത്ത അവജ്ഞയാണ് ഉണ്ടായിരുന്നത്. ഫ്രാൻസിനോടും ബ്രിട്ടീഷ് രാഷ്ട്രസമുച്ചയത്തോടുമായിരുന്ന അദ്ദേഹത്തിൻെറ അനുഭാവം കടംവാസ്സ നിയമം നടപ്പിൽ വരുത്തൽ നാലു സ്വാതന്ത്ര്യ തത്വങ്ങളുടെ രൂപീകരണം, അററ്ലാന്തിക് രേഖയിൽ അദ്ദേഹത്തിന്നുള്ള പങ്കു, ഇവ മൂലം അദ്ദേഹം അമേരിക്കയെ മാത്രമല്ല ചർച്ചിൽ, സ്റ്റാലിൻ തുടങ്ങിയ മഹനീയ നേതാക്കന്മാരോടൊപ്പം ലോകത്തിലെ ജനകീയ ശക്തികളെ മുഴുവനും അദ്ദേഹം പ്രതിനിധീകരിച്ചു.

യാൾട്ടാ സമ്മേളനത്തിൽ സന്നിഹിതനായപ്പോൾ റൂസ്‌വെൽട്ട് ഒരു രോഗിയെപ്പോലെയാണ് പ്രത്യക്ഷപ്പെട്ടത്. ഏപ്രിൽ 12-ാംനു വ്യാഴാഴ്ച ഉച്ചക്ക് ആകസ്മികമായി ലോകത്തെ മുഴുവനും ദുഃഖിപ്പിച്ചുകൊണ്ട് അദ്ദേഹം നിര്യാതനായി. മനുഷ്യസമുദായത്തിൻെറ ആ അഭിവന്ദ്യനും ധീരനുമായ ഈ യോദ്ധാവിനെ, വിജയത്തിൻെറ വെളിച്ചം പരക്കുന്നതിന്നു വേണ്ടി ആത്മദാനം ചെയ്ത നേതാവിനെ നമുക്കഭിവാദ്യം ചെയ്യുക.

അദ്ദേഹത്തിൻെറ അവസാന സന്ദേശം



"ശത്രുവെ ആക്രമിച്ചു അടക്കിയാൽമാത്രംപോരാ."

"നമ്മുടെ ശത്രുക്കളെമാത്രം ആക്രമിച്ചടക്കിയതുകൊണ്ടായില്ല. നമ്മുടെ സകല ശക്തികളും ഉപയോഗിച്ചു ഈ ഭീകരതകൾക്കെല്ലാം ഹേതുഭൂതമായ സന്ദേഹങ്ങൾ, ഭയം, അജ്ഞത, അതിമോഹം ഇവയെ കൂടെ കീഴടക്കേണ്ടിയിരിക്കുന്നു."

—1945 ഏപ്രിൽ 13-ാംനു പ്രസിഡണ്ടു റൂസ്‌വെൽററ് പ്രക്ഷേപണം ചെയ്വാൻ ഉദ്ദേശിച്ചിരുന്ന പ്രസംഗത്തിൽ.

അദ്ദേഹത്തിൻെറ മരണത്തിൽ അനുശോചിച്ചുകൊണ്ടു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി വന്ന സന്ദേശങ്ങളിൽ ചിലവയാണു താഴെ കൊടുക്കുന്നത്.

### എച്ച്. എം. ദി കിങ്ങ്

"യൂറോപ്പു ഭൂഖണ്ഡത്തെ മുഴുവനും വിഴുങ്ങിയിരുന്ന ആ ദുഷിച്ച ശക്തികളെ സഖ്യസേനകൾ അവസാനിപ്പിച്ചുവരുന്ന ഈ ദശാസന്ധിയിൽ, പ്രസിഡണ്ട് റൂസ്‌വെൽട്ടിൻെറ വിജ്ഞാനവും വിവേചനാശീലവും നമുക്കു 'നഷ്ടപ്പെട്ടുവെന്നതു' പ്രത്യേകം ശോചനീയമായ ഒരു സംഗതിയാണ്."

### എച്ച്. ഇ. ദി ഗവർണ്ണർ

"അദ്ദേഹത്തിൻെറ മരണംമൂലം ഐക്യരാഷ്ട്രങ്ങൾക്ക് ഏററവും വിവേകശാലിയും വിശ്വസ്തനുമായ നേതാക്കന്മാരിൽ ഒരാളാണ് നഷ്ടപ്പെട്ടിട്ടുള്ളതു. നീതിയുടെ വിജയത്തിന്നും ആസന്നമായ സമാധാനത്തിൻെറ സംരക്ഷണത്തിന്നും വേണ്ടി അനവധി വർഷങ്ങൾ അദ്ദേഹം വിനിയോഗിച്ചിട്ടുണ്ട്. അവ അദ്ദേഹത്തിൻെറ പിൻകാലത്തു ജീവിക്കുന്നതും അങ്ങിനെ അദ്ദേഹത്തിൻെറ മഹനീയ ലക്ഷ്യമായ നാലു സ്വാതന്ത്ര്യങ്ങൾ മനുഷ്യസമുദായത്തിന്നു കൈവരുന്നതുമായിരിക്കും."

### മിസ്റ്റർ ചർച്ചിൽ

"ബ്രി. രാഷ്ട്രത്തിന്നും ഏതൊരു രാജ്യത്തിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്നും വന്നൊരു നഷ്ടമാണതു്."

### മാർഷൽ സ്റ്റാലിൻ

"ലോകത്തിൻെറ മുഴുവനും സുരക്ഷയെ സാധിപ്പിക്കുന്നതിന്നുള്ള പ്രവർത്തനത്തിൻെറ ഒരു നേതാവെന്ന നിലക്കും പൊതുശത്രുവിന്നെതിരായിട്ടുള്ള സമരത്തിൻെറ മഹാനായ ഒരു സംവിധായകനെന്ന നിലയ്ക്കും പ്രസിഡണ്ടു റൂസ്‌വെൽററിനെ സോവിയററ് ജനങ്ങൾ മതിച്ചിരുന്നു."

### ജനറൽ ഹൈസൻ ഹോവർ

"അദ്ദേഹം ഏറെറടുത്ത ആ മഹനീയ കൃത്യം പരിപൂർണ്ണവിജയത്തോടെ സാധിതപ്രായമാക്കുന്നതിന്നുള്ള ശ്രമങ്ങൾ ഞങ്ങൾ തുടരുകയും പ്രവൃദ്ധമാക്കുകയും ചെയ്യും."

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ഏപ്രിൽ 20-ാംനു, വെള്ളിയാഴ്ച

## മൺമറഞ്ഞ ആ മഹാത്മാവ്

കഴിഞ്ഞ വെള്ളിയാഴ്ച കേട്ട ആ വാൎത്ത ലോകത്തെ യാകമാകനമൊന്നു ഞെട്ടിച്ചു—പ്രസിഡെണ്ടു റൂസ്‌വെൽട്ട് നിൎയ്യാതനായി എന്ന വാൎത്ത. ഈ ജനകീയതാസംരക്ഷകനെപ്പോലെ അത്രമാത്രം, ജനങ്ങളുടെ സമ്മതി ആൎജ്ജിച്ച മററൊരു രാജ്യതന്ത്രജ്ഞനും നേതാവും ഇല്ലെന്നു തന്നെ പറയണം. 'ത്രിമൂൎത്തികൾ' എന്ന ആ ശൈലി ഇനി കേൾക്കപ്പെടുകയില്ല. എന്നാൽ ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ട് ഇട്ട ആ അസ്ഥിവാരം—അദ്ദേഹത്തിൻെറ നാലു സ്വാതന്ത്ര്യങ്ങൾ, വമ്പിച്ച ധനാഢ്യന്മാരോടും ഫാസിസ്റ്റു രാഷ്ട്രീയ വ്യവസ്ഥയോടുമുള്ള അദ്ദേഹത്തിൻെറ സമരം, വരാൻ പോവുന്ന ലോകസംഘടന ഇതെല്ലാം—ആ പാവനപുരുഷൻെറ പരിശ്രമങ്ങളെ പ്രകീൎത്തിച്ചു കൊണ്ടുതന്നെ നിൽക്കും.

യൂറോപ്യൻ യുദ്ധം ആരംഭിക്കുന്നതിന്നു മുമ്പു തന്നെ, റൂസ്‌വെൽട്ട് ഫാസിസത്തിന്നു കടുത്ത പ്രഹരങ്ങൾ നൽകുന്നതിന്നുള്ള സന്നാഹങ്ങൾ ചെയ്തുവന്നു. ആ ദുഷ്പ്രഭുക്കളും, അവരുടെ കൂട്ടുകാരും, ലോകത്തിലുണ്ടാക്കിയേക്കാവുന്ന നാശങ്ങളും കഷ്ടനഷ്ടങ്ങളും അദ്ദേഹം വളരെ മുമ്പെത്തന്നെ മനസ്സിലാക്കി. അവരുടെ കൂട്ടുകാർ അമേരിക്കയിൽ തല പൊക്കിയപ്പോൾ, ലാഭാൎത്തികൊണ്ടു അമേരിക്കൻ സാമൂഹ്യ സാമ്പത്തിക ജീവിതത്തിൻെറ അടിക്കല്ലു തന്നെ തകിടം മറിക്കാൻ ശ്രമിച്ചപ്പോൾ, റൂസ്‌വെൽട്ട് അവരോട് വിട്ടുവീഴ്ചയില്ലാത്ത സമരം പ്രഖ്യാപിച്ചു. അദ്ദേഹത്തിൻെറ കക്ഷിയിൽത്തന്നെ ഉൾപ്പെട്ട പലരും ഇതു വിദ്വേഷത്തിന്നും വെറുപ്പിന്നും ഇടയാക്കി. പക്ഷേ പ്രസിഡെണ്ടു് അതൊന്നും വിലവെച്ചില്ല. അദ്ദേഹം പോരുതിനിന്നു.

അമേരിക്ക അകന്നൊഴിഞ്ഞു ഒരു കൂപമണ്ഡൂകത്തെപ്പോലെ ഒഴിഞ്ഞുനിന്നു കഴിഞ്ഞുകൂടണമെന്നു വാദിച്ചിരുന്നവരെ അദ്ദേഹം നിരാശപ്പെടുത്തി. ലോകത്തിലെ സംഭവവികാസങ്ങളുമായി അമേരിക്കയ്ക്കു് അഭേദ്യമായ ബന്ധമുണ്ടെന്നു് അദ്ദേഹം വാദിച്ചു. യൂറോപ്യൻ സമരം അമേരിക്കയുടേയും സമരമാണെന്നു ശഠിച്ചു. മനുഷ്യസമുദായത്തിൻെറ മുഴുവനും ശത്രുവായ ഫാസിസ്റ്റുകളെ നിഷ്പക്ഷമായി വീക്ഷിക്കുവാൻ ജനകീയവാദികൾക്കു അസാദ്ധ്യമാണെന്നു ആ ജനകീയ നേതാവ് സിദ്ധാന്തിച്ചു.

അമേരിക്ക ഔദ്യോഗികമായി യുദ്ധം പ്രഖ്യാപിക്കുന്നതിന്നു മുമ്പു് തന്നെ, പ്രസിഡെണ്ട് ബ്രിട്ടൻെറ ഭാഗത്തായിരുന്നു. സുപ്രസിദ്ധമായ "കടംവാങ്ങു സമ്പ്രദായം" ഏൎപ്പെടുത്തിയതുതന്നെ ഈ ഒരഭിപ്രായത്തിൻെറ അനന്തര ഫലമായിട്ടാണു്. ആ മനുഷ്യൻ സാൎവ്വജനീനമായ പ്രജായത്തരീതിയ്ക്കു വേണ്ടി തൻെറ ജീവിതം വിനിയോഗിച്ചു. അന്ത്യവേളവരെ സ്വരാജ്യത്തും വിദേശത്തും നാലു സ്വാതന്ത്ര്യങ്ങൾ സ്ഥാപിക്കുന്നതിന്നു വേണ്ടി ശ്രമിച്ചു. എന്നാൽ ഈ നേട്ടങ്ങൾ നാടെങ്ങും പ്രചരിച്ചു കാണുന്നതുവരെ ജീവിക്കുവാൻ സാധിച്ചില്ല. അദ്ദേഹത്തെ പററി സ്മരിക്കുന്നതിന്നും, ആ യശഃശരീരൻെറ സേവനത്തോടു നമുക്കുള്ള കടപ്പാടിനെ തീൎക്കുന്നതിന്നും ഉള്ള ഒരു മാൎഗ്ഗം, അദ്ദേഹത്തിൻെറ ആശയാദൎശങ്ങൾ പ്രചുരപ്രചാരമാക്കുന്നതിന്നുവേണ്ടിയുള്ള ഉദ്യമങ്ങളിൽ കൂടിയായിരിക്കണം.

അദ്ദേഹത്തിൻെറ അവസാനത്തെ പ്രസംഗം—അതു വെളിപ്പെടുത്തുന്നതിന്നു മുമ്പു് അദ്ദേഹം ചരമമടഞ്ഞു—നമ്മുടെ ഹൃദയത്തിൽ ഒരു വെല്ലുവിളിപോലെ മാറെറാലിക്കുന്നു—"പരിഷ്കാരം പുലരുന്നതിന്നുവേണ്ടി, മനുഷ്യ ബന്ധങ്ങളെപ്പററിയ ശാസ്ത്രീയ വീക്ഷണവും, വിവിധ തരത്തിലുള്ള എല്ലാ ജനങ്ങൾക്കും ഈ ലോകത്തിൽ സമാധാനത്തോടെ ജീവിക്കുന്നതിന്നുള്ള അന്തരീക്ഷവും സജ്ജമാക്കുക എന്ന ഒരു മഹൽകൃത്യത്തെയാണു് ഇന്നു നാം അഭിമുഖീകരിക്കുന്നതു്."

സാൻഫ്രാൻസിസ്കോവിൽ പ്രസിഡെണ്ടു റൂസ്‌വെൽട്ടിൻെറ അഭാവം ഒരു തീരാനഷ്ടമാണു്. പക്ഷെ, അദ്ദേഹത്തിൻെറ ആശയങ്ങൾ അവിടേയും നമുക്കു മാൎഗ്ഗദൎശികളായിരിക്കും. സമ്മേളനാന്തരീക്ഷത്തിൽ ഈ സ്വാതന്ത്ര്യ ജനങ്ങളുടെ സ്വതന്ത്രനേതാവിൻെറ ആഹ്വാനങ്ങളും, അഭ്യൎത്ഥനകളും അലയടിച്ചു നിൽക്കും; അവ തീൎച്ചയായും സമ്മേളനത്തിലെ പ്രതിനിധികൾക്കു വിശ്വാസവും ഉജ്ജീവനവും നൽകുകയും ചെയ്യും.

റൂസ്‌വെൽട്ട് മൺമറഞ്ഞുപോയി. പക്ഷെ അദ്ദേഹത്തിൻെറ മഹനീയാശയങ്ങൾ ലോകത്തിൻെറ കണ്ണിൽനിന്നു മറയുകയില്ല. ലോകം കൃതജ്ഞതാപൂൎവ്വം അവയിലൂടെ അദ്ദേഹത്തെ സ്മരിക്കുക തന്നെ ചെയ്യും.

## വിഷുക്കണി

(പി. കെ. കടത്തനാട്ട്.)

(കേക)

വന്നെത്തിയന്നും പ്രാചിദിങ്മുഖത്തെങ്ങും പൂത്ത-
കൊന്നതൻ പൂക്കളെല്ലാം പറിക്കാൻ ദിനകരൻ.

വരമ്പിൻചോട്ടിൽനിൽക്കും കറുകപ്പുൽക്കൊടിയ്ക്കും
വിരവിൽ മഞ്ഞിൻതുള്ളി വിഷുക്കൈനേട്ടം നൽകി.
ആഴിതൻ കല്ലോലങ്ങളാലോലം പടക്കങ്ങ-
ളാഞ്ഞുപൊട്ടിച്ചാമണൽത്തിട്ടിങ്കൽക്കളിക്കുന്നു.

വിഷുവാണിന്നെല്ലാൎക്കും, പുതുവൎഷത്തിൻ പിറ-
പ്പു,ഷപോലണഞ്ഞെത്തി മന്നിൻെറ കവാടത്തിൽ!

അയിത്തക്കാരാണവരെന്നാലും മഹോത്സവം
മടിച്ചില്ലാവീട്ടിലും വിരുന്നിന്നണയുവാൻ.

അവളക്കുടിലെൻെറ നായിക, ചെറുമിയ്ക്കും-
വളരുന്നുണ്ടുത്സാഹ,മില്ലിങ്ങലിഷോല്ലത്തിൽ
അടുപ്പിൽത്തിളക്കുന്നു സദ്യവട്ടങ്ങളെല്ലാം
അവളിൽത്തുടിക്കുന്നു സന്തുഷ്ട ഹൃൽസ്പന്ദങ്ങൾ!

* * *

കഴിഞ്ഞവൎഷംതന്നിലിന്നാളിലിരന്നിട്ടും
കഴിഞ്ഞില്ലവൎക്കൊന്നു മുഷ്ടാന്നം ഭുജിക്കുവാൻ

ഗൎഭിണിയാം കെട്ടിയോൾ പട്ടിണികിടന്നോര-
ക്കാഴ്ചയിൽ പുലയൻെറ മാനസം തകൎന്നുപോയ്.

കാലത്തുതൊട്ടിട്ടന്തിയാവോളം പണിചെയ്താൽ
പാലാട്ടെത്തമ്പ്രാനേകം നാനാഴി നെല്ലാഫലന്താം?
നാളുകളിമ്മാതിരിയന്തിനീക്കീടാൻ മേലാ;
ആളിഴിയാലോചന, യിളകീയപ്പാവത്തെ.

നാടിനെസ്സേവിക്കുവാൻ, വീടിനെ ബ്ഭരിക്കുവാൻ-
പേടിവിട്ടയാൾ ചേൎന്നു പോരിനായ് പട്ടാളത്തിൽ.

* * *

അന്നത്തെ തപാലിങ്കൽ വന്നതാം മണിയോൎഡർ
അമ്പതുരൂപയേകി ശിപ്പായിയവൾക്കപ്പോൾ
വായിച്ചു കേൾപ്പിച്ചായാളക്കുറുപ്പെ, "ന്നോമനേ,

നീയിതു സ്വീകരിക്കു വിഷുക്കൈനേട്ടപ്പണം"
ഉദിച്ചക്കവിൾക്കൂമ്പിൽപ്പുഞ്ചിരി, നേത്രങ്ങളി-
ലുതിൎന്നു കണ്ണീൎക്കണം, സന്തോഷ സമാനപിതം.

'അച്ഛൻെറ പണംവന്നെ'ന്നാൎത്തുകൊണ്ടാമുററത്തു
വിച്ചവെച്ചിതു കൊച്ചു കുട്ടികൾ പൂമ്പാററപോൽ.

ആഗമിച്ചീടുമിളംപിള്ളരേ,യച്ഛൻകൂടി-
വേഗത്തിൽ; വിജയത്തിൻ വെളിച്ചം പുലരുമ്പോൾ.
അന്നിതിൽപ്പരം മോദം കലൎന്നിട്ടാഘോഷിക്കാം
നിങ്ങൾക്കെല്ലാൎക്കും വിഷു; ആശംസിച്ചാനന്ദിപ്പിൻ.

(ശുഭം)



# ആഴ്ചക്കുറിപ്പുകൾ

## വിജയോദയം

യൂറോപ്യൻ യുദ്ധത്തിന്റെ അവസാനം ആസന്നമായി എന്നു നിസ്സംശയം പറയാറായിരിക്കുന്നു. എത്ര വേഗത്തിലാണു് അതു അവസാനിയ്ക്കുക എന്നു പറയുവാൻ മാത്രം സാധിക്കയില്ല; എങ്കിലും കുറച്ചു സമയത്തിന്നുള്ളിൽ അതു അവസാനിയ്ക്കുമെന്നു അനുമാനിക്കപ്പെടുന്നു. യൂറോപ്പിലെ ഓരോ ഇഞ്ചു സ്ഥലവും നാസികളുടെ ബന്ധനത്തിൽനിന്നു സ്വതന്ത്രമാക്കിയാലെ യൂറോപ്പിൽ യുദ്ധം അവസാനിയ്ക്കുകയുള്ളു. നാസികളെ നടയാടിപ്പിടിക്കാൻപോകുന്ന സഖ്യപക്ഷസേനകൾ വമ്പിച്ചതാണു്. പക്ഷെ ജർമ്മനിയുടെ അഞ്ചിൽ രണ്ടു ഭാഗവും ആസ്ത്രിയ, ചെക്കോസ്ലാവാക്കിയ, ഇററലി, ഡൻമാർക്ക്, നോർവെ, ഹോളണ്ടു് ഈ രാജ്യങ്ങളിൽ ഒട്ടു മുക്കാൽ ഭാഗവും ഇന്നും നാസികളുടെ കീഴിലാണു് എന്ന വാസ്തവം മനസ്സിൽ വെക്കേണ്ടിയിരിക്കുന്നു.

## വിശ്വസിച്ചു് വിഡ്ഢികളായി

പാവപ്പെട്ട ജർമ്മൻ ജനങ്ങൾ! എന്നാണു് അവരുടെ ഉന്മാദത്തെപ്പററിയും, അന്ധമായ വിശ്വാസത്തെപ്പററിയും ആലോചിക്കുമ്പോൾ ഒരാൾക്കു പറയാൻ തോന്നുക. കടുത്ത പാഠങ്ങൾ കഴിഞ്ഞ പന്ത്രണ്ടു കൊല്ലമായി അവർ പഠിക്കാൻ തുടങ്ങിയിട്ടു്. എന്നിട്ടും ഇതേവരേയും യാഥാർത്ഥബോധം അവരിൽ ലേശവും അങ്കുരിച്ചിട്ടില്ല. മാത്രമല്ല, ജർമ്മനി ഒരു രാഷ്ട്രമെന്ന നിലക്കു ശകലീകൃതമായി. നാസിസം ഒടിഞ്ഞു തകരുന്നു. എന്നിട്ടും, വഞ്ചിതരായ ജനങ്ങൾ ഒന്നും മനസ്സിലാക്കുന്നില്ല. അല്ലാ, അവർക്കെവിടെയാണു് വിവേചനാബോധം? ഒരു ദശാബ്ദത്തിലധികമായി നാസിസം അവരിൽക്കുത്തിവെച്ച അബദ്ധാഭിപ്രായങ്ങളും ആശയങ്ങളും അവരുടെ ഹൃദയത്തിൽ വേരുറച്ചിരിക്കുന്നു.

ഹിററ്ലറുടെ തോന്നിവാസങ്ങൾക്കു വഴങ്ങിയ ജനങ്ങൾ അവരുടെ ആ വിഡ്ഢിത്തത്തിന്നു ഇന്നു നൽകുന്ന വില വമ്പിച്ച ഒന്നാണു്. നമുക്കു ആശിക്കുക: ഈ ദുരനുഭവങ്ങളിൽനിന്നെങ്കിലും അവർക്കു, അല്ലെങ്കിൽ അവിടുത്തെ വരാൻ പോവുന്ന തലമുറകൾക്കു വിവേകശീലവും സൽബുദ്ധിയും ഉദിക്കുമെന്നും, അങ്ങിനെ നാളത്തെ ജർമ്മനി തികച്ചും വ്യത്യസ്ത രീതിയിൽ വർത്തിക്കുമെന്നും.


## ഇററലിയിൽ


റഷ്യയിലേയും യൂഗോസ്ലാവ്യയിലേയും സൈനിക നേതാക്കന്മാരുമായി കൂടിയാലോചനകൾ കഴിച്ചതിന്നുശേഷം ഫീൽഡു് മാർഷൽ അലക്സാന്തർ ഇററലിയിൽ പുതിയ ആക്രമണം ആരംഭിച്ചിരിക്കുന്നു. ശത്രുപക്ഷത്തിന്നു ജനറൽ വിററിംഗോഫിന്റെ നേതൃത്വത്തിൽ 32 ഡിവിഷൻ സേനകളാണു ഇററലിയിലുള്ളതു്. അതിൽ ആറു ഡിവിഷൻ ഇററലിയൻ സേനകളുമാണു്. സഖ്യസേനകളുടെ പുതിയ ആക്രമണരേഖ വ്യക്തമാണു്. പടിഞ്ഞാറു അഞ്ചാം സേന ജനോവ, സ്പെസിയ എന്നീയിടങ്ങളിലെ തുറമുഖങ്ങളുടെ അവശിഷ്ടങ്ങളെ തകർക്കുകയും ടൂറിൻ, മിലാൻ എന്നീ പ്രദേശങ്ങളിലെ വ്യാവസായിക വിഭവങ്ങളെ രക്ഷിക്കുകയും ചെയ്യുന്നു. ഒരു "വമ്പിച്ച സംഭവം" ഉണ്ടാവുമെന്നു എഫ്. എം. അലക്സാന്തർ പറഞ്ഞതു്, എഡ്രിയാററിക് കടൽക്കര മുഴുവനും സഖ്യസേനകൾ കൈവശപ്പെടുത്തുവാനുള്ള ഒരു ഭയങ്കരാക്രമണം സമാരംഭിക്കുമെന്നതായിരിക്കണം. ഇററലിയിൽ സമരം തുടങ്ങിയിട്ടു ഒന്നരവർഷത്തോളമായി. ഈ ആക്രമണം അവസാനത്തേതായിരിക്കുമെന്നു ജനറൽ മാക്ക്ക്ലാർക്കിന്റെ വിശ്വാസത്തിൽ നമുക്കും പങ്കു ചേരുക.

## യുദ്ധാപായം സംഭവിച്ചവർ

ഈ യുദ്ധത്തിൽ അപായം സംഭവിച്ചവരെപ്പററി മി. ചർച്ചിൽ കഴിഞ്ഞ ആഴ്ചയിൽ പ്രസ്താവിക്കുകയുണ്ടായി. 1945 ഫെബ്രുവരി 28-ാം തിയ്യതിവരെ സാമ്രാജ്യത്തിൽ ആകെയുള്ളവരുടെ തുക ആകെ 685,638 ആണു്. ഇതിൽ വലിയ സംഖ്യ ഇംഗ്ലണ്ടിൽനിന്നാണു്. അതിന്നുശേഷം നിൽക്കുന്നതു് ഇന്ത്യയാണു്. ഇന്ത്യയിലൊട്ടാകെ 163,486 പേർക്കു് അപായമുണ്ടായി; അതിൽ 19,420 പേർ കൊല്ലപ്പെട്ടു. ഈ സംഖ്യകൾ വമ്പിച്ചതാണ് എങ്കിലും ജർമ്മൻകാർക്കു് കഴിഞ്ഞ ആഴ്ചയിൽ മാത്രം പററിയ ആൾനഷ്ടത്തെപ്പററി ആലോചിക്കുമ്പോൾ ഇതു വളരെ ചുരുങ്ങിയ ഒരു സംഖ്യയായി കാണാം. കോനിസ്ബർഗ്ഗിൽമാത്രം 134,000 ജർമ്മൻകാർക്കു അപായം പിണഞ്ഞിരിക്കുന്നു. ഇവരിൽ 44,000 പേർ മൃതരായി. വിയന്നയിൽവെച്ചു 130,000 പേരെ റഷ്യക്കാർ പിടിച്ചെടുത്തു. ഏപ്രിൽ ആദ്യത്തെ രണ്ടാഴ്ചയിൽമാത്രം 548,173 പേരെ തടവുകാരാക്കിപ്പിടിക്കപ്പെട്ടു. ഏപ്രിൽ 14-ാം തിയ്യതി പശ്ചിമ സമരമുഖത്തു് 87,779 ജർമ്മൻ തടവുകാരെ പിടിക്കപ്പെട്ടിരിക്കുന്നു.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## ബർമ്മയിലെ എണ്ണഖനികൾക്കു വേണ്ടിയുള്ള സമരം

ബർമ്മയിൽ മീട്കില രംഗത്തിൽ ജാപ്പു പ്രതിരോധം ക്ഷയിച്ചുവരുന്നു. അവിടെവെച്ചു് 2,000 ശത്രുഭടന്മാർ കൊല്ലപ്പെട്ടു. കിയാക് പടാങ്ങ് പിടിച്ചതോടുകൂടി പതിന്നാലാം പട ഒരു പുതിയ വിജയം നേടിയിരിക്കുന്നു. യെനാങ്യാങ്ങിലെ എണ്ണഖനികൾ പിടിക്കുന്നതിന്നു വേണ്ടിയുള്ള പുരോഗതിയിൽ ഒരു തടസ്സം നീക്കിക്കളയുന്നതിന്നു ഈ വിജയംമൂലം അവർക്കു സാധിച്ചു. ജനറൽ കിമുറയുടെ കീഴിലുള്ള ജാപ്പുകൾക്കു് അവർക്കു് അഭിമുഖീകരിക്കാനിരിക്കുന്ന ആപത്തിനെപ്പററി നല്ല അറിവുണ്ടു്. ഈ എണ്ണഖനികൾ സഖ്യസേനകൾ പിടിക്കുന്ന പക്ഷം എന്താണു് അവർക്കു നഷ്ടപ്പെടാൻ പോകുന്നതെന്നു് അവർക്കു നിശ്ചയമുണ്ടു്—200,000 ഗാലൻ പെട്രോൾ ദിനംപ്രതി; അതിനാൽ ഇവിടെ ജാപ്പുകൾ നല്ലനിലയിൽ പൊരുതിനിൽക്കും. ഇതു് മനസ്സിൽ വെച്ചിട്ടായിരിക്കണം ജനറൽ സ്ലിം തന്റെ ഭടന്മാർക്കു ഏപ്രിൽ 16-ാംനു നല്കിയ ഉത്തരവിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുള്ളതു്: "നമ്മുടെ മാർഗ്ഗം നിരോധിക്കുന്നതിന്നായി ജാപ്പുകൾ അവർക്കു ബർമ്മയിൽ അവശേഷിച്ചിട്ടുള്ള എല്ലാ ശക്തികളെയും സജ്ജീകരിച്ചു സന്നദ്ധമാക്കിവരുന്നു. നാം വീണ്ടും അവരെ കണ്ടുമുട്ടുമ്പോൾ, നാം മമ്പു അവരോടു എന്തു ചെയ്തുവോ, അതുതന്നെ ചെയ്യുക, ഇപ്രാവശ്യം കൂടുതൽ ഉഗ്രതയോടെ".

"മുമ്പു് ചെയ്തതെന്താണെന്നു്" ഉത്തരവിൽ തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. "18,000 ശവങ്ങളേയും 300 ൽ അധികം തോക്കുകളും വിട്ടു് ജാപ്പുകൾ വിരണ്ടോടി." ടാങ്ങപ്പു് പിടിച്ചതോടുകൂടി ആറക്കാനിലും ഒരു പ്രശസ്ത വിജയം നേടി; മുഴുവൻ ആറക്കാനും 15-ാംനു ഇന്ത്യൻ വിഭാഗത്തിന്റെ കൈവശം വന്നുകഴിയുന്നു.

## ജാപ്പുകൾക്കു് വമ്പിച്ച നഷ്ടം

വാഗ്ദത്തപ്രകാരംതന്നെ, ടോക്കിയോവിന്മേലുള്ള ബോമ്പുവർഷം അധികരിച്ചിരിക്കുന്നു. ഏപ്രിൽ 16-ാംനു തിങ്കളാഴ്ച ടോക്കിയോവിൽ 27 ഏക്കർ സ്ഥലം തീജ്വാലകളാൽ നിറയപ്പെട്ടു. ചില ജാപ്പു വിമാനങ്ങൾ ഉശിരം കാണിച്ചു ചെറുത്തുനോക്കി; പക്ഷെ അവർക്കർഹിക്കുന്ന വിധി വന്നുചേരുകയും ചെയ്തു. മാർച്ചു് 18-ാംനു മുതൽ ഏപ്രിൽ 12-ാംനു വരെ അഡ്മിറൽ മിററ്സറുടെ ടാസ്ക് ഫോർസ് 1,277 ജാപ്പു വിമാനങ്ങൾ നശിപ്പിച്ചതായി അഡ്മിറൽ നിമിററിസിന്റെ കേന്ദ്രത്തിൽനിന്നു ഏപ്രിൽ 13-ാംനു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതേസമയത്തു് ഒക്കിനാവയിൽ 100,000 അമേരിക്കൻ ഭടന്മാർ ശത്രുക്കളുടെ പ്രതിരോധങ്ങളെ വെന്നു കൊണ്ടു മുന്നോട്ടു പോവുന്നു.

## അമേരിക്കയുടെ നയത്തിൽ മാററമില്ല

അമേരിക്കൻ നയത്തിൽ യാതൊരു വക വ്യത്യാസവും ഉദ്ദേശിക്കുന്നില്ലെന്നു ഏപ്രിൽ 16-ാം തിയ്യതി കോൺഗ്രസ്സിൽ ചെയ്ത പ്രഥമ പ്രസംഗത്തിൽ പ്രസിഡെണ്ടു് ട്രുമാൻ വ്യക്തമാക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "നമ്മുടെ ആവശ്യം നിരുപാധികമായ കീഴടങ്ങലായിരുന്നു. ഇന്നും അതുതന്നെ." സാൻഫ്രാൻസിസ്കോ സമ്മേളനത്തെപ്പററി അദ്ദേഹം പ്രസ്താവിച്ചു, "സമാധാനം ആശിച്ചതുകൊണ്ടുമാത്രമായില്ല, നാം ഉദ്യമിക്കണം, ആവശ്യം വന്നാൽ അതിന്നുവേണ്ടി പൊരുതുകയും വേണം."

# ചിരിയും ചിന്തയും

സ്റ്റേഷനിൽ വന്നിറങ്ങിയ പട്ടാളക്കാരൊടെല്ലാം മിലിട്ടറി പോലീസുകാരൻ അവർ പോകുന്നതെവിടേക്കാണു് എന്നു ചോദിച്ചു. ആരുമൊന്നും പറഞ്ഞില്ല. ഒടുവിൽ ശുണ്ഠിപിടിച്ചു ആയാൾ ഒരു നാവികഭടന്റെ ചുമലിൽ പിടിച്ചുകൊണ്ടു ചോദിച്ചു, "ഹേ, നിങ്ങൾ എങ്ങോട്ടാണു് പോകുന്നതു്?"

"ടോക്കിയോവിലേയ്ക്കു്."

എം. പി. ഒന്നും മിണ്ടിയില്ല!

* * *

ആ മൂന്നു ഭടന്മാരും റയിൽവേ സ്റ്റേഷനിൽ വണ്ടിപോവുന്നതിന്നു മുക്കാൽ മണിക്കൂർ മുമ്പെ വന്നു. അതുകൊണ്ടു അവർ കുറച്ചു ചായ കഴിക്കുന്നതിന്നു ഹോട്ടലിലേക്കു പോയി. വന്നു നോക്കിയപ്പോൾ വണ്ടി അവിടെത്തന്നെ നിൽക്കുന്നു. പെട്ടെന്നു വണ്ടി ചൂളം വിളിച്ചു. നീങ്ങാൻ തുടങ്ങി. രണ്ടു ഭടന്മാർ വണ്ടിയിൽ പൊത്തിപ്പിടിച്ചു കയറി.

മറേറയാൾ ചിരിക്കാൻ തുടങ്ങി. ആ പൊട്ടിച്ചിരി കേട്ടു പോർട്ടർ പരിഭ്രമിച്ചു് കാരണം ചോദിച്ചു. ഭടൻ പറഞ്ഞു: "വണ്ടിയിൽ പോയ ആ രണ്ടു പേരും എന്നെ യാത്രയയക്കാൻ വന്നവരാണു്!"

* * *

അവരെല്ലാവരും വിശ്രമവേളയിൽ വെടി പൊട്ടിക്കുകയായിരുന്നു. കൂട്ടത്തിൽ, പുനർജ്ജന്മത്തെപ്പററി ഒരു വിവാദവും വന്നു. അവർക്കാർക്കും രാമനെ ഇഷ്ടമായിരുന്നില്ല. ആയാളാണു് ചോദിച്ചതു്, "നിങ്ങൾ വിചാരിക്കുന്നോ പുനർജ്ജന്മമുണ്ടെന്നു്?" "ഉണ്ടു" അവർ പറഞ്ഞു "മരിച്ചാൽ നമ്മൾ ആരെങ്കിലും, അഥവാ എന്തെങ്കിലുമായി വീണ്ടും പിറക്കും." "തേങ്ങടെ മൂട്ട" രാമൻ ശഠിച്ചു "നിങ്ങളപ്പോൾ പറയുന്നതു ഞാൻ വരുന്ന ജന്മത്തിൽ ഒരു പുഴുവായി പിറക്കുമെന്നാണോ?"

അവർ പറഞ്ഞു "രണ്ടു ജന്മത്തിലും കൂടി അത്ര നല്ല ഒരു സ്ഥാനം നിങ്ങൾക്കു കിട്ടുകയില്ല."

* * *

കവിയായിരുന്ന സ്റ്റീഫൻ ഫിലിപ്പ്സ് ഒരിയ്ക്കൽ ഓസ്കർവൈൽഡിനോടു പറഞ്ഞു "എനിക്കെതിരായ ഒരു 'മൌനപ്രസ്ഥാന'മുണ്ടു് നടക്കുന്നു. ഞാനെന്തു ചെയ്യും?" "അതിൽ ചേർന്നുകൊള്ളുക" ഓസ്കർ പറഞ്ഞു.

* * *

കുശലപ്രശ്നം.—രണ്ടു ഈജിപ്ത്യൻ ചങ്ങാതികൾ കൂടുമ്പോൾ അവർ ചോദിക്കുന്നു, "നിങ്ങൾക്കെങ്ങിനെ വിയർക്കുന്നു?" ചൈനക്കാർ ചോദിക്കുക, ചോറുണ്ടുവോ എന്നാണു്. 17-ാം നൂററാണ്ടുവരെയും സ്നേഹിതന്മാരേയും അന്യന്മാരെയും, സ്വീകരിക്കൽ ചുംബനം നല്കിയിട്ടായിരുന്നു. എസ്കിമോ വർഗ്ഗക്കാർ മൂക്കുകൾ തമ്മിൽ ഉരസുന്നു. ആഫ്രിക്കയിലെ ചില വർഗ്ഗക്കാർ നാവു പുറത്തു നീട്ടുന്നു!

* * *

"സമരസാഹിത്യം എന്നതു 'മരസാഹിത്യ'മാണെന്നു ഈയിടെ ഒരാൾ എഴുതിയിരുന്നു. നിങ്ങൾ വായിച്ചില്ലേ?"

"ഉവ്വ് ആയാളുടെ തലച്ചോറിനെ, കലശലേറെന്നു ആയാൾതന്നെ എഴുതാഞ്ഞതു നന്നായി."

* * *

പുതിയ സമുദായഘടനയ്ക്കു എതിരായി കാണപ്പെടുന്നവർ, പ്രഭാതത്തിലെ മൂങ്ങകളാണു്.

* * *

സാഹിത്യയോഗത്തിൽ പ്രസംഗിക്കുമ്പോൾ, "കല കലയ്ക്കുവേണ്ടി" എന്നയാൾ ഉശിരോടെ വാദിച്ചു.

"പ്രസംഗം പ്രസംഗത്തിന്നുവേണ്ടി മാത്രമല്ലെ?" സദസ്യരിൽ ഒരാൾ ചോദിച്ചു.

"അതേ" പ്രാസംഗികൻ പറഞ്ഞു. സദസ്യരെല്ലാം എഴുനേററുപോയി.

* * *

റൊക്കം കിട്ടിയതായ ഇഹലോക ജീവിതത്തെ, ഒരു പ്രോനോട്ടും കൂടിയില്ലാത്ത പരലോക ജീവിതത്തിന്നുവേണ്ടി വാദിച്ചു വ്യർത്ഥമാക്കരുതേ; ഇന്നത്തെ ജീവിതം യഥാർത്ഥ്യമാണു്, മറേറതു അജ്ഞാതവും.

* * *

ആ പ്രാസംഗികൻ ഹാളിൽ ഒരാൾ മാത്രം തന്റെ പ്രസംഗം ശ്രദ്ധിക്കുന്നതു കണ്ടു. മററാരും തന്നെയില്ല.

"നിങ്ങളേതാണു്, എന്റെ പ്രസംഗത്തെ ദയവായി അത്ര ജിജ്ഞാസയോടെ ശ്രദ്ധിക്കുന്ന നിങ്ങൾ?" പ്രസംഗികൻ അത്ഭുതത്തോടെ ചോദിച്ചു.

"ഞാൻ ഇനിയത്തെ പ്രാസംഗികനാണു്" ശ്രോതാവിന്റെ മറുപടി ഇതായിരുന്നു.

* * *

പുലിയ്ക്കൊരു രാത്രികൊണ്ടു അതിന്റെ പുള്ളി മായ്ക്കാൻ കഴിയില്ല. അതുപോലെ ഇന്നലെത്തെ ഫാസിസ്റ്റ് അനുഭാവിക്കു, ഇന്നു ഫാസിസ്റ്റ് വിരോധിയാകാനും സാദ്ധ്യമല്ല.

* * *

"എന്റെ നേതാവു മികച്ച ഫാസിസ്റ്റ് വിരോധിയാണു്."

"അദ്ദേഹം ആ മനോഭാവത്തെ പ്രഖ്യാപിച്ചിട്ടുണ്ടോ?"

"പിന്നെയില്ലെ? യുദ്ധത്തിന്നെതിരായി പ്രസംഗിച്ചു മൂന്നു പ്രാവശ്യം ജയിലിൽ പോയി; യുദ്ധസാമഗ്രികൾ ഉല്പാദിക്കുന്നതിന്റെ മന്ദീഭവിപ്പിക്കാൻ ശ്രമിച്ചു. പിന്നെ . . ."

"പിന്നെ ഹിററ്ലറെ വാഴ്ത്തി നടന്നു അല്ലേ?"

"മാത്രമല്ല, അദ്ദേഹം ഫാസിസത്തിന്നെതിരായി പൊരുതുമെന്നു പരസ്യമായി ഈയിടെ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു."

"പക്ഷെ, ഫാസിസം തോററതിന്നുശേഷമായിരിക്കും ആ പോരാട്ടം!"

* * *

സ്വർഗ്ഗത്തിൽ പോയാലും കൃഷിക്കാരനു പ്രവൃത്തിയെടുക്കണം. അവിടെ ജന്മിമാരെ ചെമ്പിലിട്ടു വറുക്കുന്ന ജോലി ചെയ്യേണ്ടതു അവരാണു്!

ഉദ്ധരണപംക്തി

# അവർ പറയുന്നത്

## സയൻസിന്റെ സമ്മാനങ്ങൾ

ഇന്നത്തെ പരിഷ്കാരത്തിന്റെ ഭൗതികയന്ത്രം സമ്മാനിച്ചിട്ടുള്ളത് സയൻസാണ്. നമ്മുടെ ഭൗതികാവശ്യങ്ങൾ സയൻസിനാൽ സാധിക്കപ്പെടുന്നു; നമ്മുടെ സാമൂഹ്യഘടനകൾ മാററിമറിക്കപ്പെടുന്നു. സയൻസ് യുദ്ധരീതിയേയും പരിവർത്തനപ്പെടുത്തിയിട്ടുണ്ട്. ഈയിടെയായി, സയൻസ് ചെയ്യു ഗുണങ്ങളെപ്പററി കീർത്തിക്കുന്നതിന്നുപകരം അതിന്റെ ദൂഷ്യങ്ങളെപ്പററിയുള്ള ആക്ഷേപങ്ങളാണ് കൂടുതൽ കേട്ടുവരുന്നത്. എന്നാൽ ശാസ്ത്രകാരന്മാരെ ആക്ഷേപിച്ചിട്ടു കാര്യമില്ല. ഒരു ടാങ്കിലെ ഡ്രൈവറെ ആയാൾ രണഭൂമിയിൽവെച്ചു ചെയ്യുന്ന കൃത്യങ്ങളുടെ ഫലമായി കുറേ ആളുകൾക്കു മരിക്കുന്നതിന്നു വ്യക്തിപരമായ ഉത്തരവാദപ്പെടുത്തുന്നപോലെയാണിത്. സയൻസിനെ വഷളാക്കീട്ടുള്ളത് ശാസ്ത്രകാരന്മാരല്ല. ഇതേവരേയും ഇന്നും ശാസ്ത്രകാരന്നു ലോകകാര്യങ്ങളെയും, സംഭവവികാസങ്ങളെയും രൂപീകരിക്കുന്നതിന്നുള്ള കൃത്യത്തിൽ യാതൊരു സ്ഥാനവും ഇല്ല. സയൻസിന്റെ യഥാർത്ഥ ഉപയോഗങ്ങളും, വമ്പിച്ച സാദ്ധ്യതകളും അനുഗ്രഹീതങ്ങളായ സിദ്ധികളും വ്യക്തമാക്കുന്നതിന്നുള്ള ഒരന്തരീക്ഷം ശാസ്ത്രകാരന്റെ ചുററുപാടും ആവിഷ്കരിക്കപ്പെടുന്നില്ല. സാമൂഹ്യവും, അന്തർദേശീയവുമായ കാര്യങ്ങളിൽ ശാസ്ത്രീയരീതിക്കു തികച്ചും സ്ഥാനമുണ്ടായിരുന്നുവെങ്കിൽ, യുദ്ധങ്ങൾ, മററു വിധത്തിലുള്ള ആക്രമണങ്ങൾ, ഇവ ഭൂമുഖത്തുനിന്നു മാച്ചുപ്പെട്ടിരുന്നേനേ!

("സയൻസ് ഇൻ വാർ" എന്ന പുസ്തകത്തിൽനിന്ന്.)

## സാഹിത്യകാരൻ ജനതാമദ്ധ്യത്തിലേക്ക്

സാഹിത്യവും ജനങ്ങളും ഒന്നിച്ചു മുന്നോട്ടു പോകുവാൻ തുടങ്ങി. കഴിഞ്ഞ 25 വർഷങ്ങൾക്കിടയിലുണ്ടായ ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസവർദ്ധനമുണ്ടായിരുന്നില്ലെങ്കിൽ ഇതസാദ്ധ്യമായിരുന്നു. കൂടാതെ, സാങ്കേതികപുരോഗതിയുടെ ഫലമായി പത്രങ്ങളും റിപ്പോർട്ടർമാരും ഉണ്ടായിവന്നു. അപ്പോൾ ഒരു പുതിയ തരത്തിലുള്ള പത്രപ്രവർത്തനം ആവശ്യമായി തീർന്നു. വെറും സംഗതികളെ എഴുതിക്കാണിക്കുകമാത്രമല്ല, അവയെ സജീവവും ആകർഷകവുമായ രീതിയിൽ ജനസമക്ഷം സമർപ്പിച്ചേ തീരുവെന്നായി. ഒരു റിപ്പോർട്ടറിൽ, കവിയുടെയും ആഖ്യായികാകാരന്റെയും അംശങ്ങൾ ഉണ്ടാവുകതന്നെ വേണം.

ഇങ്ങിനെയുള്ള ഒരു പരിതസ്ഥിതിയിലാണ് ഒരു പുതിയ രീതിയിലുള്ള എഴുത്തുകാരൻ മുന്നോട്ടു വന്നത്—ഒരു നവീന യാഥാർത്ഥ്യത്തെ തിരഞ്ഞുകൊണ്ടും, സാമൂഹ്യബോധത്തോടുകൂടിയും ഉള്ള ഒരു പുതിയ എഴുത്തുകാരൻ. ലോകത്തിലെ സ്ഥിതിഗതികളും, സമുദായത്തിന്നകത്തും പുറത്തുമുള്ള വൈരുദ്ധ്യങ്ങൾ, ഇവയെല്ലാം ആയാളെ രാഷ്ട്രീയത്തിലേക്കു നയിച്ചു.

ഇതേ പരിതസ്ഥിതികൾതന്നെയാണ് ഇടത്തരക്കാരായ സാഹിത്യകാരന്മാരെ, ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന്നു പ്രേരിപ്പിച്ചതും. അയാൾ അവരുമായി സ്വയംസാത്മ്യപ്പെടുത്തി; അവക്കുവേണ്ടി സംസാരിച്ചു. സാംസ്കാരികമായിത്താഴ്ന്നവരിൽനിന്നുകൂടെ എഴുത്തുകാർ പൊന്തിവന്നു; അവർ അവക്കുവേണ്ടിത്തന്നെ വാദിക്കാൻ തുടങ്ങി. ("ന്യൂ റൈറിങ്ങ് ഇൻ യൂറോപ്പ്" ജോൺലെമാൻ.)

## ശ്രദ്ധേയമായ ചോദ്യങ്ങൾ

"ജീവിതത്തെപ്പററിയുള്ള നിങ്ങളുടെ നവീന ചിത്രത്തിൽ ഏതൊരു തരം മനുഷ്യനെപ്പററിയാണ് നിങ്ങൾ ചിത്രീകരിക്കാൻ പോകുന്നത്? ....തന്നോടുതന്നെ യുദ്ധം ചെയ്യുന്ന, മനുഷ്യനെ തനിക്കു പുറമേയുള്ളവരോടു പൊരുതുന്ന മനുഷ്യനെ, ദുരിതങ്ങൾ സഹിക്കുന്ന മനുഷ്യനെ, സ്നേഹിക്കുന്ന മനുഷ്യനെ, വിദ്വേഷിക്കുന്ന മനുഷ്യനെ, സ്വത്തു കാത്തുരക്ഷിക്കുന്ന മനുഷ്യനെ, വിപ്ലവകാരിയായ മനുഷ്യനെ? ഇയാളെ നിങ്ങളെന്തു ചെയ്യാൻ പോകുന്നു?"

("നോവൽ ആൻറ് ദി പീപ്പിൾ"—റാൾഫ് ഫോക്സ്.)

## ഒരു വമ്പിച്ച ശക്തി

"സ്ത്രീകൾ ഒരു വമ്പിച്ച ശക്തിയാണെന്ന മാർഷൽ സ്റ്റാലിന്റെ അഭിപ്രായം സോവിയററു ജനങ്ങളുടെ ഇടയിൽ വളരെ പ്രസിദ്ധമാണ്. സമാധാനകാലത്തെ സൃഷ്ടിപരമായ കാര്യങ്ങളിലും, യുദ്ധകാലത്തെ വിഷമങ്ങളിലും, സോവിയററു സ്ത്രീകൾ മഹനീയമായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. പുരുഷന്മാരോടൊപ്പംനിന്ന് അവർ തങ്ങളുടെ പുതിയ ഭരണകൂടത്തെ ബലമായ ഒരു അടിസ്ഥാനത്തിന്മേൽ നിർമ്മിക്കുന്നതിന്നു ശ്രമിച്ചു. പുരുഷന്മാരെപ്പോലെത്തന്നെ ജർമ്മൻനാസ്സികൾക്കെതിരായി നിന്നു പൊരുതി.

ചുവപ്പുസേനയിലെ വനിതായോദ്ധാക്കളിൽ പലരും ഉയർന്ന ബഹുമതികൾക്ക് അർഹകളായിത്തീർന്നിട്ടുണ്ട്.

(മേജർ കൊൺസ്റ്റാൻറിൻ പൊളോണ്ണിക്ക്—"ന്യൂസ് ആൻറ് വ്യൂസ് ഫ്രം സോവിയററ് യൂനിയൻ" എന്ന ബുള്ളററിനിൽ.)

## നാസിസത്തിന്റെ നാശം

നാസി വ്യവസ്ഥ, അതിന്റെ ഗർഭത്തിൽ വഹിച്ചിരുന്ന ദേശീയ വിപത്തു, ഇന്നിതാ അലസിപ്പോകാറായി. ആശയും ഭയവും കലർന്നുകൊണ്ടു, 12 കൊല്ലത്തോളം ഇതു കാണുന്നതിന്ന്, ഞങ്ങൾക്ക് കാത്തിരിക്കേണ്ടിവന്നു. അതേ, ഞങ്ങളിതിന്ന് ആശിച്ചു. സന്മാർഗ്ഗിക രീതിയ്ക്കുവേണ്ടി, ഈ ക്രൂരതയെ ശിക്ഷിക്കുന്നതിന്നുവേണ്ടി, ഞങ്ങൾ ആശയോടെ കാത്തിരുന്നു. ഇപ്പോൾ ഇതാ ആ സംഭവവികാസം.

നാസിസം പാതാളത്തിലേക്കു,—അതിന്റെ ഉത്ഭവസ്ഥാനമായ പാതാളത്തിലേക്കു, അതേ നാസിസം പാതാളത്തിലെ കുപ്പയാണ്—അധഃപ്പതിക്കുന്നതു കണ്ടു ഞങ്ങൾക്കെല്ലാം എത്രമാത്രം സംതൃപ്തിയും സന്തുഷ്ടതയുമാണ് ഉള്ളതെന്നോ! സംതൃപ്തിമാത്രമല്ല, സുഖവും, സന്തോഷവും ഉണ്ട്. യൂറോപ്പിലെ ജനങ്ങളുടെ സ്വാതന്ത്ര്യവും, ബഹുമാനവും വിശിഷ്യ ഫ്രാൻസിന്റെ നവോത്ഥാനവും വീണ്ടെടുക്കാൻ സാധിച്ചതിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു.

ഒരു കാര്യം തീർച്ചയാണ്: 'സ്വാതന്ത്ര്യം' എന്നതിന്റെ അർത്ഥം അറിഞ്ഞുകൂടാത്ത നാസിസത്തിന്ന് നാശം വേണം. നാസികൾ 'സ്വാതന്ത്ര്യ'ത്തിന്നു കല്പിച്ച അർത്ഥം അവർക്കു മററുള്ളവരെ അടിമപ്പെടുത്തുന്നതിന്നുള്ള സ്വാതന്ത്ര്യം എന്നാണ്. 'ജർമ്മനി'യുടെ പേരിൽ നടത്തപ്പെട്ട ആ യാന്ത്രികഗോഷ്ടികൾ അവസാനിച്ചു, ഈ ദുരിതങ്ങളിലും ദുരന്തങ്ങളിലുംനിന്നു ശുദ്ധീകൃതമായ ജർമ്മൻകാരുടെ സഹകരണത്തോടുകൂടി ഒരു ഗവർമ്മേണ്ടു ഉണ്ടാകേണ്ടതാണ്—മനുഷ്യതയുടെ ശോഭനമായ ഒരു ഭാവിക്കു വേണ്ടിയുള്ള സഹപ്രവർത്തകനാക്കി ജർമ്മൻ ജനങ്ങളെ മാററുന്നതിന്നു ശ്രമിക്കുന്ന ഒരു സമുദായവ്യവസ്ഥയുണ്ടാക്കുന്ന ഗവർമ്മേണ്ടു. (തോമസ് മാൻ—ഇദ്ദേഹം നോബൽ സമ്മാനാർഹനായ ഒരു സുപ്രസിദ്ധ ജർമ്മൻസാഹിത്യകാരനാണ്. ഹിററ്ലരുടെ ജർമ്മനി അദ്ദേഹത്തെ നാട്ടിൽനിന്നാട്ടിപ്പായിച്ചു. "ജനകീയത്വത്തിന്റെ വിജയം." "ഇന്ദ്രജാല പർവ്വതം" തുടങ്ങിയ ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വിശ്വവിഖ്യാതങ്ങളാണ്.)

## അവരുടെ നേട്ടങ്ങൾ

ചുകപ്പുസേന ധീരധീരം പോരാടുകയും ഏതൊരു ത്യാഗം ചെയ്യും സ്വരാജ്യത്തിൽനിന്ന് അക്രമികളെ പുറത്താക്കി. മാത്രമല്ല വിജയലാളിതമായ ചുകപ്പുസേനകൾ മുഴക്കുന്ന പീരങ്കിശബ്ദം ഇന്നു ബർലിനിൽ മാറെറാലിച്ചു തുടങ്ങിയിരിക്കുന്നു. ചുവപ്പുസേനയുടെ ഈ വിജയങ്ങൾക്കു പിന്നിൽ അവയ്ക്കൊരു പ്രചോദനവും ഉജ്ജീവനവുമായി നില്ക്കുന്ന സോവിയററു നാട്ടിലെ നേട്ടങ്ങൾ അത്ഭുതാവഹങ്ങളാണ്. .............................

റഷ്യയിൽ 38000,000 കുട്ടികൾ സ്കൂളിൽ പഠിച്ചുവരുന്നു. 75 ശതമാനം കന്നുപൂട്ടലും 50 ശതമാനം വിതക്കലും യന്ത്രീകരിക്കപ്പെട്ടിട്ടുണ്ട്. 12,000 സ്ത്രീകൾ ശാസ്ത്രീയ ഗവേഷണം, വിമാനമോടിക്കൽ ഇവയിൽ വ്യാപൃതരായിരിക്കുന്നു. സോവിയററ് റിപ്പബ്ലിക്കിൽ പ്രസിഡെണ്ടായും സ്ത്രീകളുണ്ട്. 166,000,000 ഗ്രന്ഥങ്ങൾ റഷ്യൻ ഗ്രന്ഥാലയങ്ങളിലുണ്ട്. സോവിയററ് ദിനപത്രങ്ങളുടെ ആകെയുള്ള പ്രചരണം 37,500,000 ആണ്. റഷ്യൻ ഒഴിച്ചുള്ള മററു ഭാഷകളിൽ മാത്രം 2,000 പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ചെക്കോവ് ഗോർക്കി, പുഷ്കിൻ, ടോൾസ്റ്റോയ്, ടെർജനീവ് തുടങ്ങിയ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ 55 ഭാഷകളിലായി 100,000,000 പ്രതികൾ പ്രചരിച്ചുവരുന്നു. പ്രസിദ്ധ ഇംഗ്ലീഷു നോവലെഴുത്തുകാരനായ ഡിക്കൻസിന്റെ നോവലുകൾ 14 ഭാഷകളിലായി 2,000,000 പ്രതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ആകെ ചിലവായിട്ടുള്ള പുസ്തകങ്ങളുടെ തുകയേക്കാൾ വമ്പിച്ച ഒന്നാണ് ഇത്.

കഴിഞ്ഞ യുദ്ധത്തിന്നു മുമ്പ് 90 ശതമാനം ജനങ്ങളും നിരക്ഷരകുക്ഷികളും അജ്ഞരുമായിരുന്നു എന്ന കഥ ആലോചിക്കുമ്പോഴാണ് ഈ നേട്ടങ്ങളുടെ മുഴവൻ പ്രാധാന്യവും പ്രകാശിക്കുന്നത്. ഒരു പുതിയ റഷ്യക്കാരൻ തന്റെ കർഷകയായ മാതാവിന്നയച്ച ഒരെഴുത്തിൽ പറയുകയാണ്:


"പഴയ മെഴുകുതിരികളിൽനിന്നു വീണ മെഴുപ്പുള്ളികൾ നിറഞ്ഞ പഴഞ്ചൻ ഗ്രന്ഥങ്ങൾ അമ്മ മറിച്ചു നോക്കരുതു. ഞങ്ങളുടെ അതിശയകരമായ പ്രവർത്തനങ്ങൾക്കു, അതിൽനിന്നു കിട്ടുന്ന വ്യാഖ്യാനങ്ങൾകൊണ്ടു തൃപ്തിപ്പെടരുതു. ഞാൻ പറയുന്നതു കേൾക്കു, ഞങ്ങൾ മരണത്തെ അക്രമിക്കുന്നതിന്നു കാരണം ഞങ്ങൾ ഞങ്ങൾക്കുവേണ്ടി മാത്രമല്ല യുദ്ധം ചെയ്യുന്നത് എന്നതാണ്. ഞങ്ങൾ യുദ്ധം ചെയ്യുമ്പോൾ ഏതെങ്കിലും ഒരു ഉസ്ബേക്ക് പയ്യന്റെയോ, ജോർജിയൻ സ്ത്രീയുടേയോ, ഒരു റഷ്യൻ കിഴവന്റെയോ ജീവിതത്തെപററി ആലോചിക്കുന്നു. ഏററവും പരിപാവനമായ ഒന്നിനെ, ഞങ്ങളുടെ മാതൃഭൂമിയെ, രക്ഷിക്കുവാനാണ് ഞങ്ങൾ യുദ്ധത്തിന്നു പോകുന്നത്. പ്രിയപ്പെട്ട അമ്മേ, എന്റെ രാജ്യം ജീവിക്കുന്നതിന്നുവേണ്ടി നിശ്ശബ്ദമായി മരിക്കുവാൻ പോലും ഞാൻ തയ്യാറാണ്. ഞാൻ മരിച്ചാൽ നിങ്ങൾക്ക് നിങ്ങളുടെ മകനെ കൂടാതെ ഒററക്കു കഴിഞ്ഞുകൂടേണ്ടിവരും എന്ന ബോധം പോലും എന്നെ ഈ വിശ്വാസത്തിൽ നിന്നും തെററിപ്പിക്കുന്നതല്ല."

("ദി കണ്ട്രീമെൻ," ഓക്സ്ഫോർഡ്.)

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേക്കു പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)




അദ്ദേഹത്തിൻെറ ആത്മാവ് അവിടെയുണ്ടായിരിക്കും.

# സുഹൃൽസല്ലാപം

(കെ. സി. കെ. പണിക്കർ.)

വി. എസ്സ്.: ഞാനിന്ന വായനശാലയിൽ പോയിരുന്നു.

പി. ടി.: എന്തെല്ലാമാണ് വിശേഷങ്ങൾ.

വി. എസ്സ്.: വിശേഷമായി ഒന്നും ഇല്ല. ഇപ്പോഴത്തെ യുദ്ധസഞ്ചിക കാണാറുണ്ടോ?

പി. ടി.: എന്താ, അതിലിത്ര വിശേഷം?

വി. എസ്സ്.: കുറച്ചു മാസങ്ങൾക്കുശേഷം ഇന്നലെയാണ് ഞാൻ യുദ്ധസഞ്ചിക കാണുന്നത്! ഇന്നു നമ്മുടെ മലയാളത്തിലുള്ള ഏതു മാസികകളോടും കിടപിടിക്കത്തക്ക പ്രാപ്തിയെത്തിയിരിക്കുന്നു. എന്നിട്ടും തനി പ്രോപ്പഗാണ്ട പത്രം എന്നു ചിലർ പറയുന്നു. പ്രഹസനങ്ങൾ, ചെറുകഥകൾ, പദ്യങ്ങൾ, ഇതര രാജ്യവാർത്തകൾ, എന്തിന്നധികം, ഒരു സാഹിത്യ പ്രസ്ഥാനവും, ചരിത്രാന്വേഷണവും തികഞ്ഞ് ഒന്നു പുതുതായിരിക്കുന്നു. മാത്രമല്ല, ചിരിയും ചിന്തയും എന്ന കുറിപ്പുകൾ, ആരെയാണ് ചിരിപ്പിക്കാതിരിക്കുക? ഇപ്പോൾ സൈന്യപത്രമെന്നു കരുതി എഴുതാതിരുന്നിരുന്ന സാഹിത്യകാരന്മാർ പല്ലിളിക്കുന്നുണ്ടാവും, ഇല്ലേ? ഗവർമ്മേണ്ടിനെ ഇക്കാര്യത്തിൽ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല

പി. ടി.: താങ്കളുടെ അഭിപ്രായം കുറെയെല്ലാം ശരി തന്നെയാണ്.

വി. എസ്സ്.: എന്താ ശരിയല്ലാത്തതു്?

പി. ടി.: എനിക്കു ചില ഭിന്നാഭിപ്രായങ്ങളെല്ലാമുണ്ട്. അതു പക്ഷെ വി. എസ്സിന്നു രസിച്ചു എന്നു വരില്ല.

വി. എസ്.: അതെന്താണ്, താങ്കൾ പട്ടാളക്കാരനായതിനാൽ ഞാൻ താങ്കളെ വെറുക്കണമെന്നുണ്ടോ?

വി. എസ്സ്.: വെറുക്കണമെന്നില്ല. പക്ഷെ പൊതുവെ ചിലരുടെ ഇടയിൽ പട്ടാളം എന്നാൽ വെറുപ്പാണ്.

വി. എസ്സ്.: അതു ശരി, അതവരുടെ മൂഢതയാണ്. അതിന്നടിസ്ഥാനപരങ്ങളായ പല കാരണങ്ങളുമുണ്ട്. എന്നാൽ ആ പഴഞ്ചൻ സമ്പ്രദായത്തിന്നു മുളച്ചു വളർന്നതിനാൽ അതു നിലനിൽക്കുന്നു എന്നെ ഉള്ളു.

പി. ടി.: എന്തെല്ലാമാണ് അതിന്നുള്ള കാരണങ്ങൾ?

വി. എസ്സ്.: പിന്നെ പറയാം. യുദ്ധസഞ്ചികയെപ്പററിയുള്ള താങ്കളുടെ വിമർശനങ്ങൾ കേൾക്കട്ടെ.

പി. ടി.: ഒന്നാമതു അതിൽ പട്ടാളസംബന്ധമല്ലാതെ വല്ലതുമുണ്ടോ?

വി. എസ്സ്.: ഇതാണ് താങ്കൾക്കു പററിയ ഒന്നാമത്തെ അബദ്ധം. ഒന്നാമതു, സഞ്ചികയുടെ ഉദ്ദേശത്തേയും സന്ദർഭത്തേയുംപ്പററി ആലോചിച്ചില്ല. രണ്ടാമതു, സാഹിത്യത്തിന്നു പല വഴികളുള്ളതിൽ സമരസാഹിത്യം എന്ന ഒന്നുള്ളതു അറിയുമൊ എന്നു സംശയവുമാണ്. ഇതാ, മുഷിയരുതെ. തുറന്നു പറഞ്ഞു എന്നെ ഉള്ളൂ.

പി. ടി.: എന്താ മുഷിയുവാനുള്ളതു്, ആലോചിക്കാതെ പറയുന്നതിൽ മുഷിയുന്നതു് വങ്കത്തമല്ലെ.

വി. എസ്സ്.: ഇതുതന്നെയാണു പറഞ്ഞതു്.

പി. ടി.: ഇല്ല, ദേഷ്യമില്ല. ഞാൻ ചോദിക്കാം അതിന്നുത്തരം പറയൂ.

വി. എസ്സ്.: പറയൂ.

പി. ടി: സാധാരണ കവികളുടെ ചിന്തയിൽ നിന്നു ഹൃദ്യമായ് നിർഗ്ഗളിക്കുന്നതല്ലേ കവിത?

വി. എസ്സ്.: അതെ.

പി. ടി.: അപ്പോൾ അവരുടെ ആശയങ്ങൾ എല്ലാം അങ്ങിനെ തന്നെ.

വി. എസ്സ്.: അതെ? അല്ലാതെ മറെറാരാളിൽനിന്നെടുത്തതാവാൻ പാടില്ല.

വി. എസ്.: അധികപക്ഷവും പാടില്ല.

പി. ടി.: ശരി, എന്നാൽ യുദ്ധസഞ്ചികയിലെ ചില ചെറുകഥകളിലും—പ്രഹസനങ്ങളിലും, പട്ടാളത്തിൽ ചേർന്നതിനാൽ വിവാഹം ചെയ്യുവാൻ സാധിച്ചു, നഴ്സിനെ വിവാഹം ചെയ്തു, എന്നു മററും അനവധി കഥകളിൽ ഞാൻ വായിക്കുകയുണ്ടായി. അതിനാൽ ആ എഴുത്തുകാരുടെ ആശയമല്ലെ അതു്.

വി. എസ്സ്.: അതെ.

പി. ടി.: ആ നിലക്ക് അവിവാഹിതനും പട്ടാളക്കാരനുമായ ഞാൻ ആ സാഹിത്യകാരനോടു ആവശ്യപ്പെട്ടുന്നപക്ഷം അവരുടെ സഹോദരിയേയോ മരുമകളേയോ എനിക്കു വിവാഹം ചെയ്തു തരുന്നതിന്നു വിസമ്മതിയ്ക്കുമോ?

വി. എസ്സ്.: കഷ്ടം, പി. ടി. ഇത്ര നീചവും, നികൃഷ്ടവും ആയതാണൊ താങ്കളുടെ ആശയം? തരക്കേടില്ല താങ്കൾ ഒരു നൂറു നൂററാണ്ടുകൾ പിന്നിലാണ് ജീവിക്കുന്നതു്. ഇനിയും ലോകമെന്തന്നറിഞ്ഞിട്ടില്ല.

പി. ടി.: ഓ! എനിക്കറിയാം. നിങ്ങളാൽ ചിലരുടെ സ്വഭാവം. ഒരു വിഷയത്തെപ്പററി വിമർശിക്കുന്ന സമയത്തു് താങ്കൾക്കെന്തറിയും? ലോകം എന്തെന്ന് മനസ്സിലായൊ? എന്നും മററുമുള്ള മുട്ടമുസാലകൾ പറഞ്ഞൊഴിയും.

വി. എസ്സ്.: അതെ—അതെ—താങ്കളെപ്പോലുള്ളവരുടെ ആശയഗാംഭീര്യത്താലാണ് പട്ടാളം എന്നു കേൾക്കുമ്പോൾ കുഞ്ഞിനെ മടിയിൽ വച്ചോമനച്ചിരുന്ന അമ്മമാർ ഉൽക്കണ്ഠയോടും ഭയാശങ്കകളോടെ വീക്ഷിക്കുന്നതു്. എങ്കിലും താങ്കളൊന്നാലോചിക്കണം—താങ്കളെപ്പോലുള്ളവർ മലയാളത്തിലധികം ജനിച്ചിട്ടില്ലെന്ന്.

പി. ടി.: കാരണം.

വി. എസ്സ്.: ദയയും ഒരു പട്ടാളക്കാരനാണ്. ഇതേ കണ്ണുകളെകൊണ്ടു തന്നെയാണ് അയാളുടെ ആശയങ്ങളേയും ശ്രവിക്കുവാനിടയായതു്.

പി ടി: എന്താ ദയയുടെ അഭിപ്രായം കേവലം പട്ടാളക്കാരുടെ കുററമാണ് ചില ബുദ്ധിശൂന്യന്മാർ പട്ടാളത്തെ വെറുക്കുന്നതെന്നുണ്ടോ?

വി. എസ്സ്.: അങ്ങിനെയില്ല.

പി. ടി: പിന്നെ—(അതെസമയത്തു മറെറാരാൾ വരുന്നു.)—എന്താ തമാശ പറഞ്ഞ് കാര്യത്തിലായൊ.

വി. എസ്സ്.: കാര്യത്തിൽ തന്നെയാണ്—പക്ഷെ തെററിദ്ധരിക്കണ്ട—വഴക്കൊന്നുമല്ല. ഉച്ചത്തിൽ സംസാരിക്കുന്നവെന്നെ ഉള്ളൂ.

ആഗതൻ പി. ടി യെ അന്വേഷിച്ചാണെന്നാതോന്നുന്നതു്—അനുജൻ വരുന്നുണ്ട്.

പി. ടി.: ഇപ്പോൾ വരാം എന്നു പറഞ്ഞുപോന്നതാണ്. ഞാൻ പോകുന്നു. നാളെകാണാം.

വി. എസ്സ്.: പി. ടി. ഒന്നു വിചാരിക്കരുതെ.

പി. ടി.: അല്ല. ഇതെല്ലാം കാര്യമാക്കുകയാണെങ്കിൽ—(ചിരിക്കുന്നു).

(എല്ലാവരും പിരിയുന്നു.)

# ‘അഭിപ്രായഗതി’ കാട്ടുകയറിയാൽ...!

(എം. ഗോവിന്ദൻ)

“ആമയെ ചുട്ടുകയാണെങ്കിൽ മലത്തിച്ചുടണം; ഞാനൊന്നുമറിഞ്ഞില്ല നാരായണാ!” നമ്പൂതിരിയച്ഛന്റെ ഈ വാക്യം നമുക്കു ഓർമ്മയുണ്ട്. എത്ര നിരുപദ്രവകരമായ ഒരുപദേശം! എന്തൊരു ജീവകാരുണ്യം?

നമ്മുടെ ലേഖകൻ ശ്രീ കെ. ജി. സേതുനാഥ് ‘അഭിപ്രായഗതി’യിൽ പലതും പറയുന്നു. പക്ഷെ, അതിന്റെ തുടക്കത്തിൽ നാം ഇങ്ങിനെ കാണുന്നു, “അശക്തവും അപരിചിതവുമാണ് എന്റെ തൂലിക. യുക്തിവാദത്തിന്നു ഞാൻ തയ്യാറല്ല.” നോക്കൂ, എന്തൊരു വിനിതമായ അഭിപ്രായഗതി! മഹാത്മാക്കൾ, ആത്മപ്രശംസ ചെയ്യാറില്ല!

എന്നാൽ, ശ്രീ കെ. ജി. സേതുനാഥ് ഈ മോഹിനിവേഷമെല്ലാം ഉപേക്ഷിച്ചു “വിശ്വരൂപവും” പുറത്തുകാണിച്ചു പത്രാധിപരുടെ നേക്കു വാളും ചിലമ്പിച്ചുവരുന്ന കണ്ടാൽ! അദ്ദേഹം അട്ടഹസിക്കുന്നു; ആർത്തുവിളിക്കുന്നു; മുറവിളികൂട്ടുന്നു. ഇതു കൊണ്ടൊന്നും മതിയാകാഞ്ഞിട്ടു ആക്ഷേപിക്കുന്നു; അധിക്ഷേപിക്കുന്നു. മാത്രമോ? തലയിട്ടു തല്ലുന്നു! എന്ത്? ഈ കുരുത്തംകെട്ട പത്രാധിപരുടെ കുസൃതികൾ സാഹിത്യക്ഷേത്രത്തിൽ വെച്ചാണോ?

സാറേ, ഞാൻ ചോദിയ്ക്കട്ടെ നിങ്ങൾക്കാണെങ്കിൽ രുചിക്കുമോ, കവിയെ റോയിട്ടരുടേയോ, എ. പി. ഐ. യുടേയോ കഴുത്തിൽ, കോവിൽ പശുവിന്റെ കഴുത്തിലെ മുട്ടിപോലെ, കെട്ടിയിടുകയാണെന്നുവെച്ചാൽ? ഇല്ല, ശ്രീ സേതുനാഥിന്റെ ‘അഭിപ്രായഗതി’യിൽ, യു. സ. പത്രാധിപർ ചെയ്യുന്ന കടുംകയ്യുകളിലൊന്നാണിതു്. എന്തൊരു ധിക്കാരം? പക്ഷെ അദ്ദേഹം പത്രാധിപരോടു ഇങ്ങിനെ പറയേണ്ടതായിരുന്നു: “നിങ്ങൾ എന്താണ് അവരെ കുതിരവട്ടത്തേയ്ക്കോ, ഊളാമ്പാറയിലേയ്ക്കോ പറഞ്ഞയക്കാത്തതു്? “അതു പലക്കും ആശ്വാസകരമായിരിക്കും.”

അല്ലാ, പത്രാധിപർ അങ്ങിനെ കവിയെ ന്യൂസ് എജന്റാക്കി രൂപാന്തരപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ടോ? വോൾട്ടയർ പറയുകയുണ്ടായി, “ദൈവമില്ലെങ്കിൽ, നമുക്കൊരു ദൈവത്തെ സൃഷ്ടിക്കണം.” ശ്രീ സേതുനാഥ് പറയുന്നു, “യുദ്ധസഞ്ചിക പത്രാധിപർ അങ്ങിനെ പറഞ്ഞിട്ടില്ലെങ്കിൽ, നമുക്കു പറഞ്ഞുവെന്നു വിചാരിക്കുക.” എന്താണ്, അങ്ങിനെ ഒരു അഭ്യൂഹം അസ്ഥാനത്താണോ? ശാസ്ത്രകാരന്മാർ ആദ്യം ഒരു അനുമാനം (Hypothesis) നിർമ്മിച്ച് അതിൽനിന്നല്ലേ പലപ്പോഴും യാഥാർത്ഥ്യത്തിലേയ്ക്കു പോകാറുള്ളതു്?

സമരസാഹിത്യത്തെപ്പററി അദ്ദേഹത്തിന്നു പല തെററിദ്ധാരണകളും അന്ധവിശ്വാസങ്ങളുമുണ്ട്. എന്നാലും അദ്ദേഹത്തിന്നുമുണ്ട് അതിനെപ്പററി ചില അഭിപ്രായഗതികൾ. അതേ “അന്ധരെയന്ധർ നയിപ്പൂ!” ഇപ്പോൾ പലയിടത്തും നടപ്പിലുള്ള ഒരു രീതിയാണതു്. ആനയെ കണ്ട കുരുടന്മാരെപ്പോലെ, സമരസാഹിത്യത്തിന്റെ ഓരോ മുക്കും മൂലയും പിടിച്ചുകൊണ്ടു അദ്ദേഹം ചില വിദഗ്ദ്ധോപദേശങ്ങൾ നൽകുന്നു. പത്രസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും അധികരിച്ചാൽ ചില വൈകൃതങ്ങളുമുണ്ട്. മുറിവൈദ്യൻ രോഗിയെക്കൊല്ലും; എന്നാൽ ഇദ്ദേഹത്തിന്റെ സമരസാഹിത്യനിർവ്വചനങ്ങൾ അതിനെ കൊല്ലുകയില്ല എന്നു നമുക്കു സമാധാനിക്കാം.

കവിതയിൽക്കൂടി വേണമോ കരിഞ്ചന്തകളും മററും തടയാൻ? അദ്ദേഹം ചോദിക്കുകയാണ്. ഞാനും ചോദിയ്ക്കട്ടെ, സാറേ, നിങ്ങൾ കവിതയിൽക്കൂടി വിമാനസേനയിലേക്കും, സപ്ലൈ. എ. (ഐ) വിലേക്കും എന്തിനാണ് ആളുകളെ വിളിക്കുന്നതു് (“ആഹ്വാനം,” “തുണയായ്ക്കൂടപ്പോരിൻ” എന്നീ കവിതകൾ നോക്കുക). അതു് സാഹിത്യത്തെ പ്രചരണത്തിന്റെ പിറകെ പിടിച്ചു വലിക്കുകയല്ലേ? “അതു് ഏമ്പിള്ളയല്ലവാ” എന്ന പരദേശി ബ്രാഹ്മണൻ പറഞ്ഞ മട്ടാണിതു്. വാദിക്കാനുള്ള ധൃതഗതിയിൽ ശ്രീ സേതുനാഥ് സംഗതികൾ മറക്കുന്നു. അതാ, മററുള്ളവരുടെ തെററുകൾ തിരുത്താൻ ശ്രമിക്കുന്ന ആൾതന്നെ തെററിപ്രവർത്തിക്കുന്നു. ഈ തെററുകൾ കാണാൻ പോയവർ ഇരട്ടപെറുന്നു!

“ഐക്യകക്ഷികളുടെ പസഫിക്ക് സന്ദർശനവും, ബർമ്മയുടെ പുനരുദ്ധാരണവും, ഒരുവിധത്തിൽ കവിതയാക്കിയാൽത്തന്നേയും സാഹിത്യകല്പദാരുവിന്റെ ഒരുണക്കച്ചില്ലയിൽപ്പോലും അതുകളെ തൂക്കിയിടാൻ ആരും അനുവദിക്കുമെന്നു തോന്നുന്നില്ല. . . . ജിനോവ ഉൾക്കടലിലെ അമേരിക്കൻ പ്രവർത്തനത്തെക്കുറിച്ചെഴുതുന്ന കവിത അതെഴുതുന്നതോടൊപ്പംതന്നെ എഴുതിക്കഴിയുന്നതാണ്” മററും മററും പറഞ്ഞിട്ട്, “ഏതു രീതി കൈക്കൊണ്ടാലും ഉത്തേജനമാണോ കവിതയെന്നും കവിയുടെ ശ്രമം വല്ലയിടത്തും ഇടക്കു വിശ്രമിച്ചുപോയിട്ടുണ്ടോ എന്നു നോക്കുക” എന്നു അദ്ദേഹം നമ്മോടു ശാസിക്കുന്നു. ആദ്യത്തെ അഭിപ്രായത്തെ അപ്പടി നിഷേധിക്കുന്നതാണ് രണ്ടാമത്തേതു്. രണ്ടും ശരിയാകാൻ നിവൃത്തിയില്ല.

ആദ്യം പറഞ്ഞ വിഷയം! കവിതാകന്യകയ്ക്കു് തൊടാൻ പാടില്ല. തന്മൂലം ആ വിഷയത്തിൽനിന്നു അവൾ വിരമിച്ചു നില്ക്കണംപോലും. പക്ഷെ, “ഏതുരീതി കൈകൊണ്ടാലും ഉത്തേജനമാണൊ കവിതയെന്നു” നോക്കുവാനും അദ്ദേഹം പറയുന്നു. അല്ല സേർ, ഞങ്ങളേതാണ് വിശ്വസിക്കേണ്ടതു്? കവികളോടു ഏതായാലും ഞാനും അപേക്ഷിക്കട്ടെ. നിങ്ങളാലോചിച്ചുതന്നെ പ്രവർത്തിക്കണം. ആദാമിനോടു സ്വർഗ്ഗത്തിലെ ഒരു ‘പഴം’ തിന്നാൻ പാടില്ലെന്നു ഈശ്വരൻ വിലക്കിയതിനെ, ആദാം ലംഘിച്ചതുകൊണ്ടല്ലെ, നമ്മുടെ മുതുമുത്തച്ഛനായ അദ്ദേഹത്തിന്നു ഈ ഗുലുമാലുകളൊക്കെ വന്നതു്? ശ്രീ സേതുനാഥ് നിങ്ങളെ സമരസാഹിത്യത്തിന്റെ പല പാന്ഥാക്കളിലേക്കും തിരിച്ചുവിടുന്നു. എന്നിട്ടു ചിലയിടത്തു എഴുതിവെക്കുന്നു ‘No Thoroughfare’! പോകരുതേ, ആ വിലക്കപ്പെട്ട പ്രദേശങ്ങളിൽ പോയാൽ ആദാമിന്റെ അനുഭവമുണ്ടായാലൊ! അതും ‘ഈവ്’ ഇല്ലാതെയുള്ള ഒരാളാണ് നിങ്ങളെങ്കിൽ ഒററക്കു കിടന്നുഴലേണ്ടിവരും.

അപ്പോൾ എന്താണ് സമരസാഹിത്യം! ആ സതിയുടെ വിശ്വരൂപം നിങ്ങൾക്കു കാണണമോ? ശ്രീ സേതുനാഥന്റെ ‘അഭിപ്രായഗതി’യാകുന്ന തിരിസ്സുരണി പൊന്തിച്ച്,

> “നിടിലതലമതിങ്കലാന്ന പൊട്ടും
> ചടുലകുചങ്ങൾ പൊതിഞ്ഞ ചാരു പട്ടും
> ഉടലഴകിനുതുല്യമായ മട്ടും”

മററുമായി അതാ അവൾ വരുന്നു! ആ ശൃംഗാരദേവത, വിശ്വവശ്യമോഹിനി ആടിക്കുഴഞ്ഞു കൊഞ്ചി പാലാഴിമഥനത്തിലെ മോഹിനിയെപ്പോലെ, “അവശനും ആർത്തനും അന്ധനുമായ ഭടന്റെ ജീവൽസ്ഫുരണ സന്ദായകമായ, ജീവിതാശാപ്രേരകമായ,” അമൃതുമായി നാണംകുണുങ്ങി അവതരിക്കുന്നു! “വൈരാഗ്യമേറിയ വൈദികനും വൈരിക്കു മുമ്പുഴറിയോടിയ ഭടനും” അമ്പരന്നുനിന്നാനന്ദിക്കുന്നു. ശ്രീ കെ. ജി. സേതുനാഥാകട്ടെ, ഈ രംഗമെല്ലാം കണ്ട്, “ഞാനെപ്പോഴും പറഞ്ഞില്ലെ, യുദ്ധസഞ്ചിക പത്രാധിപരും മററും എന്തറിഞ്ഞു” എന്ന എല്ലാവരോടും ചോദിക്കുന്ന മുഖഭാവത്തോടെ തന്റെ സമരസാഹിത്യദേവിയെ ഇടംകണ്ണിട്ടു നോക്കിനിൽക്കുന്നു!

ശ്രീ സേതുനാഥ് ഇതുകൊണ്ടും വിശ്രമിക്കുന്നില്ല. അദ്ദേഹം തന്റെ സാഹിത്യപാണ്ഡിത്യംകൊണ്ടു നമ്മെ ശ്വാസംമുട്ടിച്ചശേഷം, വൈദ്യത്തിലുള്ള തന്റെ നൈപുണ്യവും നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. “പത്രാധിപരുടെ വാളങ്ങിയർ മുക്തി!” അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അങ്ങേർ ഒരു കണ്ണു വൈദ്യനും കൂടിയാണ്. അഹോ! പുള്ളിക്കാരൻ വല്ലാത്തൊരാൾ!

അപ്പോൾ ശ്രീ സേതുനാഥ് തന്നെപറയുന്നു തന്റെ ലേഖനം കാട്ടുകയറിയതാണെന്ന്. ശരിയാണ്, കാട്ടുകയറിയാൽ പല വൈഷമ്യങ്ങളുമുണ്ട്. അതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ വിചിത്രങ്ങളായ അഭിപ്രായഗതികൾ. കാട്ടുകയറിയതിനാൽ മലമ്പനി പിടിപെട്ടിരിക്കാം. അതിന്റെ തീക്ഷ്ണതകൊണ്ട് ചില വിഡ്ഢിപ്പേയുകളും പറഞ്ഞു. അതിനെന്തിനാണ് നിങ്ങൾ ശുണ്ഠിപിടിക്കുന്നതു്? കുറച്ചു മരുന്നു കൊടുക്കുക. എതായാലും പനി മാറട്ടെ. ഇനിയും കാട്ടുകയറാതിരിക്കാൻ തോന്നട്ടെ എന്നാശിക്കുക.

ശ്രീ സേതുനാഥിന്റെ അഭിപ്രായഗതിയിൽ, നിന്നു മററുള്ളവരുടെ നേക്ക് അയച്ച ഒളിയമ്പുകളും കിഴിച്ചുകളഞ്ഞാൽ ഒന്നും അവശേഷിക്കുന്നില്ല. സമരസാഹിത്യത്തെപ്പററിയെല്ലാം, അദ്ദേഹം തൊലിപുറമേയുള്ള ചില വാദങ്ങളേയുള്ളു. അതു് സാരമില്ല.

## പട്ടാളക്കാരായ ലേഖകന്മാരുടെ ശ്രദ്ധയ്ക്കു

സൈനികജീവിതത്തിൽ ഏർപ്പെട്ടവർ യുദ്ധസഞ്ചികയിൽ പ്രസിദ്ധീകരണാർത്ഥം അയക്കുന്ന പദ്യങ്ങൾ, ലേഖനങ്ങൾ, റിപ്പോർട്ടുകൾ, കഥകൾ മുതലായവയെല്ലാം അതാതു ലേഖകന്റെ കമ്പനി കമാണ്ടിംഗ് ഓഫീസറുടെ സമ്മതവും, അംഗീകരണവും നേടി, അദ്ദേഹം മുഖാന്തിരം ഈ ആഫീസിലേക്കു അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കാൻ യാതൊരു മാർഗ്ഗവുമില്ലെന്നു വ്യസനസമേതം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ എളിയ വിഷമം സൈനിക സാഹിത്യകാരനെ നിരാശപ്പെടുത്തുകയില്ലെന്നു വിശ്വസിയ്ക്കട്ടെ.

(യു.സ.പ.)

## കീഴടങ്ങീടുവിൻ!

(കെ. സി. കേശവ പണിക്കർ)

ഭരതമേദിനി തന്നിൽപ്പിറന്നവർ,
പൊരുതുകയാണുപോരാളിമാരവർ.
അവരുതിർക്കുന്ന ചെന്നിണം, വൈരികളുവശരായ് തോററു പിന്നോട്ടു പായുവാൻ.
ഹഹഹ! നോക്കുവിനെത്രമേലുജ്ജ്വലം
മഹിമചേരുമാ സൈനിക സേവനം?
മഴ, വെയിൽ, മഞ്ഞു, കൂരിരുളെന്നിവ-
വഴി മുടക്കുകിൽക്കൂടിയും കൂസാതെ,
അനുനിമിഷവും നിൽക്കാതെ, ഭാരത-
തനയർ പോവുന്നു, മുന്നോട്ടു പോവുന്നു.
വിജയമെങ്ങുമരുളുന്ന സ്വാഗതം
അജിതവിക്രമന്മാരവർക്കൊക്കെയും!
മതി, പുലമ്പേണ്ട; നിന്റുവിൻ ജല്പനം
ചതികൾ മാത്രം കൊതിക്കുന്ന ജാപ്പുകൾ.
‘ഹരികിരി’യ്ക്കായി യത്നം തുടരുവിൻ,-
നെരിപൊരികൊണ്ടു മണ്ടിയൊളിക്കുവിൻ.
അതിന്നസാദ്ധ്യമല്ലെങ്കിൽ മടിയ്ക്കാതെ-
യെതിരെ വന്നിന്നു കീഴടങ്ങീടുവിൻ.

ചെറുകഥ

# തങ്കപ്പല്ല്

(പി. എസ്. നീലകണ്ഠശർമ്മാ, ബോംബെ)

അല്പം പ്രായംകൂടിയ ഒരാൾക്കു ചെറുപ്പക്കാരിയായ ഒരു ഭാര്യയെക്കിട്ടുക എന്നതു വളരെ രസമായിട്ടുള്ളതാണ്. ഭാര്യ ഒരു സുന്ദരിയും, കുറച്ചു പഠിപ്പുള്ളവളും കൂടിയാണെങ്കിൽ പിന്നെ എന്തു പറയുവാനാണ്!

കുഞ്ഞുരാമൻ നമ്പിയാർക്കു ഇതെല്ലാമൊത്തു. അയാൾക്കു വയസ്സു നാല്പത്തഞ്ചു; ഭാര്യക്കിരുപതു കുറവ്; എങ്കിലും അവർ പരസ്പരം സ്നേഹിക്കയും ദാമ്പത്യജീവിതം നല്ലപോലെ നടത്തിപ്പോരികയും ചെയ്തുവന്നു. വീട്ടിൽ വേറെ ആരുമില്ല; ഒരേ ഒരു മരുമകൾ, ഭാര്യ, നമ്പിയാർ ഈ മൂന്നു തടികൾ മാത്രം.

നമ്പിയാർ ഒരു നല്ല നാടൻകൃഷിക്കാരനാണ്. ദൈവത്തെ വിശ്വസിച്ചിരിക്കാതെ നല്ലപോലെ വേലയെടുക്കും; കിട്ടുന്ന അനുഭവങ്ങൾ ശരിയായ വിലക്കു വില്ക്കും; സുഖമായി ജീവിക്കും; ഇതാണു അവരുടെ ഗൃഹജീവിതം. ചില അസൂയക്കാർ പറയാറുണ്ടു, "അറുത്ത കൈക്കു ഉപ്പു തേക്കില്ല" എന്നും മററും. പിന്നെ പഠിച്ച ഒരു പരിഷ്കാരിപ്പെണ്ണു ഒരു തനി നാടൻ കൃഷിക്കാരനെക്കല്യാണം കഴിച്ചതിനെപ്പററി. എന്തോ പറയട്ടെ: ഒന്നു തീർച്ച; അവർ സുഖമായിട്ടാണു കഴിഞ്ഞുകൂടിയിരുന്നതെന്നുള്ളതു്.

നമ്പിയാർ ഒരു മുൻകോപിയാണ്. അയാൾക്കും ചില ദുർവ്വാശികളെല്ലാമുണ്ടു്. ഒരിക്കൽ ഏതോ ഒരു പട്ടാളക്കാരൻ എന്തോ ഒരു തെററു ചെയ്തതായി അയാളുടെ അറിവിൽപ്പെട്ടു. അന്നു മുതൽക്കു പട്ടാളം, പോലീസ്, ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ എന്നെല്ലാം പറഞ്ഞാൽ നമ്പിയാർക്കു വലിയ പകയാണ്. മാത്രമല്ല, എവിടെയെങ്കിലും വെച്ചു ഒരു പട്ടാളക്കാരനെക്കണ്ടാൽ അയാൾ "എമ്പരക്കെ" ചീത്ത പറയാതെ വിടുകയുമില്ല.

ഒരു ദിവസം കാലത്തെ കഞ്ഞികഴിഞ്ഞു നമ്പിയാർ പുറത്തേക്കിറങ്ങി. ഏകദേശം കാൽ നാഴിക ദൂരത്തിൽ അവർക്കൊരു മാവിൻ തോപ്പുണ്ടു്. നമ്പിയാർ അവിടെയെത്തി തോട്ടത്തിൽ പലതും ചെയ്തുകൊണ്ടിരുന്നു. അതു മാങ്ങ ധാരാളമുള്ള കാലം; മാവിൻെറ കൊമ്പുകൾ ശരിക്കു പിടിച്ചുകെട്ടുക; വേലിക്കു പുറത്തേക്കു ചാഞ്ഞു കിടക്കുന്നതിനെ അകത്തേക്കാക്കുക; കൊഴിഞ്ഞു കൂടിക്കിടന്നിരുന്ന കരിയിലയും മററും അടിച്ചു വാരി ശുചിപ്പെടുത്തുക; മററും മററും.

മണി പതിനൊന്നടിക്കാറായി. വേല ചെയ്തു നമ്പിയാർ ഒട്ടൊന്നു വിയർത്തു. അടുത്തു പന്തലിച്ചു നിന്നിരുന്ന ഒരു മാവിൻെറ ചോട്ടിൽ ചെന്നിരുന്നു. അതു അല്പം തണുപ്പുള്ള ദിക്കായിരുന്നു. ചെയ്ത പരിശ്രമത്തിൻെറ ശേഷം കിട്ടിയ ആ തണലും തണുപ്പും അയാൾക്കൊരമൃതമായിത്തോന്നി. അറിയാതെ തന്നെ ഒന്നു മയങ്ങിപ്പോയി. ഈ സമയത്തു "കിരു കിരു" ന്നൊരു ശബ്ദം. നമ്പിയാർ പെട്ടെന്നു കണ്ണു തുറന്നു. ഒരു പട്ടാളക്കാരൻ വേലിക്കു പുറത്തേക്കു ചാഞ്ഞു കിടന്നിരുന്ന ഒരു കുല മാങ്ങയെ റോഡിൽനിന്നും എത്തിപ്പറിക്കുന്നു. നമ്പിയാർക്കു സഹിച്ചില്ല; താങ്ങുവാനരുതാത്ത അരിശത്തോടു കൂടി വേലി കവെച്ചു ഹനുമാനെപ്പോലെ ഒരു ചാട്ടം; "എടാ, ഇതു നിൻെറ അച്ഛൻെറ വ്യാക്യാന്ന വിചാരിച്ചെ" നമ്പിയാർ ഗർജ്ജിച്ചു. "ഠേ, ഠേ" കൂടെ പട്ടാളക്കാരൻെറ രണ്ടു ചെവിട്ടത്തും.

അവിചാരിതമായി കിട്ടിയ ഈ അടി പട്ടാളക്കാരനെ അന്ധാളിപ്പിച്ചു. അയാൾ വേണമെങ്കിൽ രണ്ടു മാങ്ങക്കു എട്ടണ കൂടി വിലകൊടുക്കുമായിരുന്നു. പക്ഷെ, പറഞ്ഞിട്ടെന്തു ഫലം!

"നിന്നെ ഇതോടെ തീർത്തേക്കാം" നമ്പിയാർ വീണ്ടും കയ്യോങ്ങി. ഈ പ്രാവശ്യം പട്ടാളക്കാരനും സഹിച്ചില്ല. കസർത്തു ചെയ്തു ബലപ്പെട്ട അയാളുടെ കൈ നമ്പിയാരുടെ ചെവിട്ടത്തേക്കും എത്തിനോക്കി. എന്നാൽ അതു കുറച്ചധികം ശക്തിയോടെ ആയിപ്പോയി. അതാ കിടക്കുന്നു കുഞ്ഞുരാമൻ നമ്പിയാരുടെ പല്ലൊന്നു താഴത്തു്! "ഹാ! ഹും" ജനങ്ങൾ ഓടിക്കൂടുവാൻ തുടങ്ങി. "പട്ടാളക്കാരുടെ കൊള്ള, വേലിപൊളിച്ചു, മാങ്ങ തല്ലിക്കൊഴിച്ചു, വീടു പൊളിച്ചു, പെണ്ണിനെപ്പിടിച്ചു" കൂക്കും വിളിയും വർദ്ധിച്ചു. ഈ തിരക്കിന്നിടയിൽ പട്ടാളക്കാരൻ എങ്ങിനെയോ അവിടന്നോടി രക്ഷപ്പെട്ടു. അവിടെത്തന്നെ നിന്നിരുന്നെങ്കിൽ അയാളുടെ എല്ലു വെള്ളമായേനെ.

"അണ്ടി നഷ്ടപ്പെട്ട" അണ്ണനെപ്പോലെ വിഡ്ഢികളായ ജനങ്ങൾ ഒരോരുത്തരായി പിരിയുവാൻ തുടങ്ങി. നമ്പിയാർ തെറിച്ചുപോയ പല്ലുമെടുത്തുകൊണ്ടു വീടു ചെന്നെത്തി. അതേ പട്ടാളക്കാരൻ തൻെറ വീട്ടിൽ പൂമുഖത്തു കട്ടിലിൽ ഇരിക്കുന്നോ! അയാൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. സൂക്ഷിച്ചു. അതേ അയാൾ തന്നെ. അടങ്ങിയ കാട്ടു തീ വീണ്ടുമാളിക്കത്തി. "എടാ കാല, നീ ഇവിട്യാവന്നൊളിച്ചതു്? നന്നായി; ദാ പ്പക്കഴിച്ചേക്കാം" അട്ടഹസിച്ചുകൊണ്ടു നമ്പിയാർ പട്ടാളക്കാരൻെറ നേർക്കടുത്തു. നന്ദിനി (അതാണു മിസിസിൻെറ പേർ) ഓടിവന്നു. "ഉം, ഉം എന്താതു്! നിങ്ങൾക്കെന്തു പിണഞ്ഞു! അളിയനെ ങ്ങ്നാ സല്ക്കരിക്കേണ്ടതു! നന്നായി, വളരെ നന്നായി" എന്നു പറഞ്ഞുകൊണ്ടു അവൾ ഇടക്കു കയറിത്തടുത്തു.

"അളിയൻ: അളിയനാതു്! ശ്ശൊ! നാനിക്കു തെററു പററീല്ലൊ" നമ്പിയാർ വിക്ഷണ്ഡനായി അവിടെ താഴത്തു തന്നെ ഇരുന്നു.

"അറിയാതെ വല്ലതും പറഞ്ഞാൻ സാരമില്ല. എഴുന്നേൽക്കു, ഉണ്ണാറായി" നമ്പിയാരുടെ കയ്യിൽ കടന്നു പിടിച്ചുകൊണ്ടു നന്ദിനി അകത്തേക്കു പോയി.

നന്ദിനിക്കു ഒരു സഹോദരൻ ഉണ്ടു്. നാലഞ്ചു കൊല്ലം മുമ്പു അയാൾ നാടു വിട്ടുപോയി. യുദ്ധം തുടങ്ങിയപ്പോൾ പട്ടാളത്തിൽ ചേർന്നു. പല ദിക്കിലും ചുററിത്തിരിഞ്ഞു. ഇന്നു ആ ദിക്കിലുള്ള ക്യാമ്പിൽ മാറി വന്നിരിക്കയാണ്. നാടു വിട്ടതിൻെറശേഷം എഴുത്തു കുത്തൊന്നുമില്ലാതിരുന്നതുകൊണ്ടു പരസ്പരം യാതൊരു വർത്തമാനവും അറിവുണ്ടായിരുന്നില്ല. വീട്ടിൽ ചെന്നപ്പോഴാണു സഹോദരിയുടെ വിവാഹം കഴിഞ്ഞതു മനസ്സിലായതു്. അവിടന്നു നേരെ ചേച്ചിയേയും ചേട്ടനേയും കാണുവാൻ അന്വേഷിച്ചുപിടിച്ചു ഇങ്ങോട്ടു വരുമ്പോഴാണു മാവിൻ തോപ്പിൻെറ അടുത്തുവെച്ചു നടന്ന കൂടിക്കാഴ്ചയും, കൊട്ടുക്കൽ, വാങ്ങൽ എല്ലാമുണ്ടായതു്.

കാര്യം മനസ്സിലായപ്പോൾ നമ്പിയാർ വളരെ പരിഭവിച്ചു വിഡ്ഢിയായി. അവസാനം പറയുകയാണു: "നടക്കേണ്ടതെല്ലാം നടന്നു, നിന്നു ചെയ്യാനൊ, കാര്യം പറയുമ്പോൾ രണ്ടു മാങ്ങ, നാം പ്പൊതു എവടെ വരെ എത്തിന്നുനോക്കു."

അന്നു ചന്ദ്രൻ (അളിയൻെറ പേർ) ക്യാമ്പിലേക്കു തിരിച്ചുപോകുമ്പോൾ നമ്പിയാർ ഒരു കൊട്ട മാമ്പഴംകൂടെ കൊടുത്തയച്ചു "നാടും വീടും വിട്ടു കിടന്നു കഷ്ടപ്പെടുണ ആ പാവങ്ങളും തിന്നട്ടെ" ന്നു പറഞ്ഞുംകൊണ്ടു്. ഹാ! എന്തു മാററം.

ചന്ദ്രൻ തരം കിട്ടുമ്പോളൊക്കെ ചേച്ചിയെ —അല്ല—മാററാരെയോ കാണുവാൻ വന്നു തുടങ്ങി. ദിവസങ്ങൾ ചിലതു കഴിഞ്ഞു. നമ്പിയാർ തൻെറ പോയ പല്ലു തങ്കംകൊണ്ടു കെട്ടിച്ചു വന്നിരിക്കയാണ്. നന്ദിനിയെ നോക്കി ഒന്നു പുഞ്ചിരിച്ചു. അവൾ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു ഒരു നാലുമ്മയങ്ങു വെച്ചുകൊടുത്തു. കുഞ്ഞുരാമൻ നമ്പിയാർക്കു വയസ്സു വീണ്ടും ചിലതു കുറഞ്ഞു. ഈ സമയത്തു വീട്ടിൽ പിൻപുറത്തും ചിലതു നടക്കുന്നുണ്ടായിരുന്നു. ജാനു (മരുമകൾ) നന്ദിനീകുഞ്ഞുരാമന്മാരുടെ ഈ ലീലകൾ ഒളിച്ചുനിന്നു കണ്ടു. അവൾക്കതു തീരെ സഹിച്ചില്ല. ചന്ദ്രനുണ്ടു പിൻപുറത്തു. ജാനു ഓടിച്ചെന്നു കെട്ടിപ്പിടിച്ചു.

"അരുതു്! അരുതു്! അമ്മായിയൊ മററാ കണ്ടാൽ" ചന്ദ്രൻ തടുത്തു.

"കണ്ടാൽ! കണ്ടാലെന്താണ്! അവർ ചെയ്തു കാണിച്ചതു തന്നെയാണ് ഞാനും ചെയ്യുന്നതു" ജാനുവിൻെറ മുഖത്തു ഒരു കുറുമ്പുചിരിവരുന്നു.

അധികം താമസിയാതെ ജാനകീപരിണയവും നടന്നു. ആ വീട്ടിലെ മൺതരികൾ കൂടി പ്രേമത്തിൻെറ മരീചികളായിത്തെളിഞ്ഞു. എങ്ങും ഒരുത്സാഹം സന്തോഷം.

ഇടക്കു നന്ദിനി പറയാറുണ്ടു് "അതു നിങ്ങൾക്കൊരു ഭംഗിതന്നെയാണ്."

ആദ്യമെല്ലാം നമ്പിയാർ ചോദിക്കാറുണ്ടായിരുന്നു "ഏതു്."

അപ്പോൾ നന്ദിനി പറയും "അതു തന്നെ, ആ തങ്കപ്പല്ലു."



മധുര ജില്ലക്കാരനായ ലഫ്റ്റനൻറ് ഇ. പി. റോയപ്പ. അദ്ദേഹം പ്രദർശിപ്പിച്ച വീരപരാക്രമങ്ങൾക്കായി, എം.ബി.ഇ. മെഡൽ സമ്മാനിക്കപ്പെട്ടിരിക്കുന്നു.

## ഭാരതമാതാവോട്

(കെ. സി. വിശാലാക്ഷി, വിദ്യാർത്ഥിനി)

ഭരതമാതാവെ ഭവതിതൻ ദുഃഖ
മകറ്റിടാറായി സുഖമടുക്കാറായ്
ജയക്കൊടിനാട്ടാനധികതാമസം
വരികയില്ലമ്മേ വ്യസനിച്ചീടേണ്ട
ഭവതിതൻ ദുഃഖമകലെ നീക്കുവാ-
നതീവ ധീരരായ് പ്രയത്നിക്കും ഞങ്ങൾ
പെരുത്ത ബോമ്പുതൻ കഠോര ശബ്ദത്താൽ
മനംകുലുങ്ങാതെ പൊരുതിടും ഞങ്ങൾ
അടുക്കളയ്ക്കകത്തടച്ചു വാഴുന്നോ-
രബലകളാകും വനിതകൾപോലും
ഭവതിതൻ ദുഃഖമകലെ നീക്കുവാ
നതീവധൈര്യത്തോടനുഗമിക്കുന്നു.
അതിനാലിന്നിമേലവശത കൈവി
ട്ടവരെ നന്നായിട്ടനുഗ്രഹിക്കണേ
പെരിയ വീരർതൻ ജനനിയാകുന്ന
ഭരതമേദിനീ പരിതപിക്കേണ്ട
ഖലനാം ജപ്പാൻെറയടിമയാകുവാ
നൊരുങ്ങുകില്ലനിൻ തനയർ നിർണ്ണയം.
അതു നിനച്ചേതും വ്യസനിച്ചീടേണ്ട
മനം കലുഷേണ്ട, മതിഭ്രമം വേണ്ട
ഭവതിഞങ്ങളെയനുഗ്രഹിച്ചാലു
മതുമാത്രംപോരുമിവർക്കു പോർ ചെയ്യാൻ.
ഭരതമാതാവെ ഭവതിതൻ ദുഃഖ
മകലെ നീങ്ങാറായ് സുഖമടുക്കാറായ്.

# ചിതറിയ ചിന്തകൾ

(കെ. പി. നായർ, ഏവൂർ)

ശുഭ മാനുഷ ജന്മമൊന്നുഞാ-
നഭിമാനേന കരസ്ഥമാക്കിനേൻ,
ശുഭമായ വരുകില്ലി മാനുഷ-
ന്നഭയത്തിങ്കൽ നിനപ്പതൊക്കയും.

നവയൌവന മെത്തിനോക്കവേ,
യവനം തേടി നടന്നീതൊട്ടുനാൾ,
ഭവനങ്ങളിലില്ലഞാൻ കൃപാ-
ലവലേശം കണികണ്ട മാനുഷർ!

മതിശാലികൾ ധീരരൊക്കയും
പുരുമോദേന സുഖിച്ചിരിക്കവേ,
പതിതർക്ക കയത്തിലാഴുവാൻ
വരുമോ വാഞ്ഛ്ഹരിത; മില്ലൊരിക്കലും!

ചതിവിൽ പലരൊത്തു ജാപ്പുകൾ
മുതിരും കാഴ്ച സഹിച്ചിടാതെ ഞാൻ
അതിമോദമൊടന്നു സേനയിൽ-
പതിയായ്ത്തന്നെ, ഭവിച്ചു, ഭാഗ്യമേ!

അകളങ്ക മനസ്സർവൈരികൾ
ക്കകമാകെപ്പിളരുന്ന മാതിരി,
പകയോടടരാടി, വത്സരം
തികയും നാലൊരുനാളു പോകുകിൽ

പടയിൽ ബഹു:ധൈര്യശാലിയാ-
യടർചെയ്യുങ്ങിനെന്നിന്ന മൂലമായ്
ഭടനായകരെന്നെ ധീരത-
കൂടമെന്നോതി! ലഭിച്ചു മുദയും.

മമ മാതൃകുറിപ്പിലിന്നിര ം-
അമിതാനന്ദമെഴുന്ന വാർത്തകൾ
"സുമമോഹിനിയാളൊരുത്തി-ആ
'സുമതീ' നിന്നെ വെറുത്ത തയ്യലാൾ,

അവളിന്നഴലോടെ താവക
പ്രണയത്തിൽ കൊതിപൂണ്ടിരുപ്പുപോൽ"
ഇവ മാനുഷ രീതിയോ? അതോ;
വനിതയ്ക്കിന്നു വിധിച്ച നീതിയൊ?
(യുഗ്മകം)

ഒരുവാക്കൊരുനാളിലോതവേ,
യുരുഗർവ്വത്തൊടു പാഞ്ഞ പെണ്ണവൾ
പരമെന്തു കഥിച്ചിടേണ്ടു ഞാ-
നരുതേ, ലോകരഹസ്യ മോരുവാൻ!

നിലയററു നടന്ന കാലമെൻ
നിലയിൽതെല്ലു മെഴാത ദൈന്യത,
കുലകീർത്തിവളർത്തിവാണൊരാ-
'പ്പുലമാടൻ രവി'യും വശത്തയെ!

ഇനിയൊട്ടു ദിനങ്ങൾ പോകിലാ-
ശനിയൻ 'ഹിററ്ലർ' തുലഞ്ഞുപോയിട്ടും
കനിവപ്പുമിയന്നു വിട്ടിടാൻ
തുനിയില്ലെങ്ങൾ മുരട്ടുകള്ളനെ

മതിഫാസിസ രീതിമന്നിലി-
ക്കൊതിയന്മാർക്കഭയം ലഭിച്ചിടാ;
"അടികൊണ്ടു തപിച്ചുപോയപാ-
മ്പിടനോക്കും കടിക്കൂട്ടുവാൻ ദൃഢം."

അതുമല്ല, നിനക്കുകിൽ, ഫലം-
വരുമോ? പാമ്പിനു പാൽകൊടുത്തപോൽ
അതിനാലുഴലുന്നു മൻമനം
തിരതല്ലുന്നൊരു സിന്ധുവിൻസമം.

കമനീമണിയാളൊരുത്തി-ആ
'സുമതീ' ബാന്ധവ മൊക്കെയപ്പുറം
സുമനോഹര മായിടുന്നൊരി-
സമയം, വൈരിയെ വെന്നിടട്ടെ ഞാൻ.


അതിനാൽ തിറമോടു പോകയാ-
ണതിനായ് ഞാൻ രണരംഗമാർന്നിടാൻ
ഇതുവിട്ടുവരുന്ന, കാലമ-
പ്പുതുഗാർഹസ്ഥ്യ മുടൻ തുടർന്നിടാം.

# സാൻഫ്രാൻസിസ്കോ നഗരം

ഭാവിലോകത്തിന്റെ ജാതകം കുറിക്കപ്പെടുന്നതു്
ഇവിടെ വെച്ചായിരിക്കും



നഗരത്തിലെ പടുകൂററൻ കെട്ടിടങ്ങൾ.



ടെലിഗ്രാഫ് കുന്നിൽനിന്നു നോക്കിയാൽ കാണുന്ന സാൻഫ്രാൻസിസ്കോ നഗരം.



ഐക്യരാഷ്ട്ര സമ്മേളന സ്ഥലമാകാനിടയുള്ള സിവിക് ആഡിറേറാറിയം

ഒരു സോവിയററു കഥ

# ഓടിയ ദൂരം

(ജി. റിക്ലിൻ.)

ആ ചെറിയ കുടിലിൽ റുമേനിയക്കാരനായ അതിൻെറ ഉടമസ്ഥനും ഞങ്ങളും ഒഴികെ മററാരും ഉണ്ടായിരുന്നില്ലെന്നുള്ളതു് പ്രസ്താവ്യമാണു്. മററു ചിലരും മുമ്പു് ചില രാത്രികൾ ആ ചെറിയ മുറിയിൽ കഴിച്ചിട്ടുണ്ടായിരിക്കണം. ഞങ്ങൾ കിടന്ന ഉടനെ പല ചിന്തകളും ഞങ്ങളിൽ കടന്നുകൂടി. മുറി ഇരുട്ടടഞ്ഞിരുന്നതിനാൽ അതിലെ ഉള്ളടക്കങ്ങൾ കാണുന്നതിന്നു് ഞങ്ങൾക്കു വളരെ എളുപ്പമായിരുന്നില്ല.

എങ്ങിനേയൊ ആ റുമേനിയക്കാരൻ മൌനം ഭഞ്ജിക്കുന്നതുവരെ ഞങ്ങൾ ഒരുവിധം കാത്തുനിന്നു. അദ്ദേഹം അവസാനം പറഞ്ഞുതുടങ്ങി: "മഹാന്മാരെ, നിങ്ങൾ ഒരുവിധത്തിലും നിരാശരാകരുതു്. സൂര്യോദയംവരെ മൂട്ട അതിൻെറ പ്രവൃത്തി തുടർന്നുകൊണ്ടുപോകും. അതിന്നു ഒരു പ്രതിവിധിമാത്രമേ ഉള്ളൂ—പുറത്തുപോയി ശുദ്ധവായുവേൽക്കുക. അതു വളരെ അധികം സഹായിക്കും. നിങ്ങളുടെ ഒരു കൊസാക്കുകാരൻ ഇന്നലെ രാത്രി ഇവിടെ ഉണ്ടായിരുന്നു. ശക്തിമാനായ അദ്ദേഹത്തിന്നുപോലും അതു സഹിക്കുവാൻ കഴിയാതെ തെരുവിലേയ്ക്കോടി. പിന്നെ കഴിഞ്ഞ ആഴ്ച.........."

എന്നാൽ കഴിഞ്ഞ ആഴ്ച എന്തു സംഭവിച്ചു എന്നു ഞങ്ങളാരും കേട്ടില്ല. ഞങ്ങളുടെ കൊസാക്കുകാരൻെറ ഉദാഹരണം കേട്ടതോടുകൂടി ഞങ്ങൾ ആ കുടിൽ വിട്ടു പുറത്തേയ്ക്കോടി.

നിലാവുണ്ടായിരുന്നില്ലെങ്കിലും നക്ഷത്രങ്ങളുടെ വെളിച്ചം ഉണ്ടായിരുന്നു. കൂട്ടത്തിൽ എൻെറ കയ്യിൽ ഉണ്ടായിരുന്ന വിളക്കും ഞാൻ കത്തിച്ചു. കാരണം എൻെറ കൂട്ടുകാരൻെറ മുഖവും സ്ഥാനവും മനസ്സിലാക്കുവാൻ എനിക്കു എന്തെന്നില്ലാത്ത ഒരാഗ്രഹം തോന്നി. അദ്ദേഹം താടി മീശയോടുകൂടിയ ചെറുപ്പക്കാരനായ ഒരു ലഫ്ടനെൻറ് ആയിരുന്നു. അത്രമാത്രമേ എനിക്കു അപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചുള്ളൂ.

ഞങ്ങൾ ഒരു മരത്തടിയിൽ ഇരുന്നു സിഗററു കത്തിച്ചു. ഉറങ്ങുവാനുള്ള ആഗ്രഹമെല്ലാം പോയതുകൊണ്ടു് ഞങ്ങൾ സംസാരിക്കുവാൻ തുടങ്ങി. ആ ലഫ്ടനൻറ് അപ്പോൾ പറഞ്ഞു, "ഞാൻ ഒന്നു് ബലമായി അഭിപ്രായപ്പെടട്ടെ. രാത്രിയുടെ ദൈർഘ്യം അറിയാതിരിക്കുവാൻ നമുക്കു് തമ്മിൽ ചില തമാശകഥകൾ പറയുക. നിങ്ങൾ ഇഷ്ടപ്പെടുന്നു എങ്കിൽ ഞാൻ ആദ്യം തുടങ്ങാം. അങ്ങിനെതന്നെയല്ലേ?"

ഞാൻ അതു സമ്മതിച്ചു. ലഫ്ടനൻറ് ഉടനെ പറയുവാൻ തുടങ്ങി: "അതെല്ലാം സംഭവിച്ചതു് ഒരു ഗ്രാമത്തിലെ ഒരു ചെറിയ കാട്ടിലാണു്. ഞങ്ങളുടെ ബററാലിയൻ താവളമുറപ്പിച്ചതു് അവിടെയായിരുന്നു. ഒരിക്കൽ ഞങ്ങൾക്കു ഒരു ഭയങ്കരമായ വെടിവെപ്പിൽ പങ്കെടുക്കേണ്ടിവന്നു. വാസ്തവം പറയുകയാണെങ്കിൽ ഞങ്ങളുടെ എല്ലാ മാർഗ്ഗങ്ങളും ശത്രുക്കൾ നശിപ്പിച്ചിരുന്നു.

"അതേ സമയത്തു് ഞങ്ങളുടെ കേണലിന്നു ഡിവിഷനൽ ഹെഡ്ക്വാർട്ടേഴ്സിലേക്കു് ഒരു റിപ്പോർട്ടു് അയക്കേണ്ടതുണ്ടായിരുന്നു. റിപ്പോർട്ടു് അത്രമാത്രം ധൃതിയിൽ വേണ്ടതായിരുന്നു. കുറച്ചെങ്കിലും സമയം വൈകുവാൻ പാടുണ്ടായിരുന്നില്ല. ഒരു കാറോ, മോട്ടോർസൈക്കിളോ കിട്ടുവാനുണ്ടായിരുന്നില്ല. ഹെഡ്ക്വാട്ടറാകട്ടെ അഞ്ചു നാഴിക ദൂരത്തും. അപ്പോൾ എന്താണു് ചെയ്യുക?

"ആ സമയത്തു് സാർജൻറു ഗാലുഷ്ക ഞങ്ങളുടെ കേണലിൻെറ ആ മൺകുടാരത്തിൽ വന്നു. എനിയ്ക്കദ്ദേഹത്തെപ്പററി വലിയ പരിചയമില്ല. പക്ഷെ ജനങ്ങൾ, അദ്ദേഹം ഒരു നല്ല മനുഷ്യനാണെന്നും, അത്ഭുതകരമായ പ്രവൃത്തികൾ വളരെ ചെയ്തിട്ടുണ്ടു് എന്നും പറഞ്ഞിരുന്നു. 'സഖാവു് കേണൽ, ആ റിപ്പോർട്ടു് ഹെഡ്ക്വാർട്ടേഴ്സിൽ എത്തിക്കുവാൻ എന്നെ അനുവദിയ്ക്കുക' എന്നദ്ദേഹം സംശയഗ്രസ്തനായി നോക്കുന്ന കേണലിനോടു പറഞ്ഞു. സാർജൻറു വീണ്ടും അപേക്ഷിച്ചു 'അവിടേക്കു പോകുവാൻ എന്നെ അനുവദിയ്ക്കുക. ഞാൻ വിചാരിക്കുന്നു നിങ്ങളുടെ വിശ്വാസത്തെ നിറവേററുവാൻ എനിക്കു സാധിക്കുമെന്നു്. തീർച്ചയായും ഞാനതു ചെയ്യും.'

"ശരി, ഞങ്ങൾ ആ പേക്കററ് അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തു. സാർജൻറു ആ മൺകുടിൽ വിട്ടു അപ്രത്യക്ഷനായി. കേണലിന്നു മനസ്സമാധാനമുണ്ടായില്ല. അദ്ദേഹം സമാധാനിയെപ്പോലെ നടിച്ചു സിഗററും വലിച്ചു അങ്ങോട്ടുമിങ്ങോട്ടും നടന്നു. എന്നാൽ അദ്ദേഹം അധികമധികം മനസ്സമാധാനമില്ലാത്തവനായി കാണപ്പെട്ടു. പെട്ടെന്നു ആരോ വാതിൽ തുറന്നു, കിതപ്പോടുകൂടി സർജൻറു അവിടെ നിന്നു.

"'എന്തു്! നിങ്ങൾ ഇപ്പോഴും ഇവിടെ തന്നേയോ?' ഒരു സ്വരവ്യത്യാസത്തോടെ കേണൽ ഉച്ചത്തിൽ പറഞ്ഞു.

"'അതെ, സർ, ഞാൻ ഇവിടെ ഉണ്ടു്' കിതപ്പോടുകൂടി സാർജൻറു മറുപടി പറഞ്ഞു.

"'ബുദ്ധിപൂർവ്വകം മറുപടി പറയുക.'

"ആ സർജൻറു വിയർത്തൊലിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇവിടെ.... ഹെഡ്ക്വാർട്ടേഴ്സിൽനിന്നു' അതോടുകൂടി അദ്ദേഹം ഒരു പൊതി കേണലിന്നു നീട്ടി. അതു കേണൽ വാങ്ങി.

"'നിങ്ങൾ അവിടെ പോയി ഇത്ര ക്ഷണം മടങ്ങിവന്നു എന്നാണോ പറയുന്നതു്?'

"'ഉവ്വു് സർ.'

"'നിങ്ങൾക്കു ചിറകോ മറേറാ ഉണ്ടോ?'

"'ഇല്ല സർ, തീർച്ചയായും ഇല്ല.'

"പിന്നീടു് എല്ലാം ശരിയായതിന്നുശേഷം കേണൽ ഗലുഷ്കയോടു അദ്ദേഹത്തിൻെറ ആ കാലടിയുടെ രഹസ്യത പറയുവാൻ പറഞ്ഞു. 'നിങ്ങൾക്കു സ്വർണ്ണക്കാലുണ്ടു്, അത്ഭുതകരമായ കാല്. അപ്രകാരമുള്ള കാലുകൾ എപ്പോഴും ശൈത്യബാധയിൽനിന്നും രക്ഷ നേടുന്നതിനായി മെതിയടിയോടുകൂടിയിരിക്കണം. എന്നാൽ ഈശ്വരൻ അതുമാത്രം കൊടുത്തില്ല.

"ഗാലുഷ്ക അപ്പോൾ അദ്ദേഹത്തിൻെറ അസാധാരണ ജീവിതത്തിലെ ഒരു സംഭവത്തെപ്പററി പറയുവാനാരംഭിച്ചു.

"യുദ്ധത്തിന്നു മുമ്പു ഈ ചെറുക്കൻ ഒരു ഫാക്ടറിയിലെ സ്റ്റോറിൽ പ്രവൃത്തി എടുത്തിരുന്നു. അവിടെ ആയിരുന്നപ്പോൾ അദ്ദേഹത്തിന്നു ഒരു ഗ്രഹപ്പിഴ പററി. മെഷിൻ ഓയലിൻെറ ഒരു ബാരൽ എവിടെനിന്നോ കൊണ്ടുവന്നു അതു് നേരെയാക്കേണ്ടിയിരുന്നു. ബാരൽ വന്നു പക്ഷെ മെഷിൻ ഓയലിന്നുപകരം അതിൽ പഴത്തിൻെറ നീരായിരുന്നു. അതു് ഗാലുഷ്കയെ അവിടെനിന്നും ബഹിഷ്കൃതനാക്കി. എന്നാൽ ആ പഴത്തിൻെറ നീരാകട്ടെ കുറച്ചു കഴിഞ്ഞപ്പോൾ അവർ ചായക്കു ഉപയോഗിച്ചു.

"സാധുവായ ഗാലുഷ്ക അവിടെനിന്നു പോരുമ്പോൾ 'ഗുഡ്ബൈ' പറഞ്ഞു. നിങ്ങൾക്കു പോയ്പോയ അഭിമാനം വീണ്ടും കിട്ടണമെങ്കിൽ റായസൻ ഉറാൽസ്സ് റെയിൽവെ ഹെഡ്ക്വാർട്ടറിൽ പോയി ഞങ്ങൾക്കു ചില റെയിൽവെ വാഹനങ്ങൾ കൊണ്ടുവന്നു തരിക. എങ്ങിനെയായാലും ഞങ്ങൾ നിങ്ങൾക്കു മുന്നറിയിപ്പു തരുന്നു. കടുത്ത സൂര്യരശ്മിപ്രപാതം നിങ്ങളെ ബാധിച്ചേക്കാം.

"പട്ടണത്തിൽ ആ റെയിൽവെ ഹെഡ് ഓഫീസിൽചെന്നു. വണ്ടികൾ എന്നുമാത്രമല്ല പ്ലേററ്ഫോറംകൂടി വിറകൊള്ളുന്ന ആ ഡയരക്ടർ സ്റ്റോർട്ട്സിൽ വളരെ ജാഗരൂകനായി ഇരിക്കുന്നതുകണ്ടു. അദ്ദേഹം റെയിൽവെ സ്റ്റോർട്ട്സ് അസോസിയേഷൻെറ നേതാവായിരുന്നു. ആ ഞായറാഴ്ച അവർക്കു ഫുഡ് സപ്ലയേർസ് അസോഡിയേഷനുമായി എതിരിടേണ്ടിയിരുന്നു. സാധുവായ ഗാലുഷ്ക ആയാൾക്കു് അപ്പോൾ ആ മനുഷ്യനെ സമീപിക്കുവാൻപോലും അസാദ്ധ്യമാണെന്നു തോന്നി ഒന്നു നടുങ്ങി.

"ആ റെയിവെ സ്റ്റോർട്ട്സ് അസോസിയേഷനെ ഒരു നിർഭാഗ്യം ബാധിച്ചു. അവരുടെ ഓട്ടത്തിൽ കേമനായ ആൾക്കു ആ മത്സരസമയത്തു് റെജിസ്റ്റർ ഓഫീസിലേക്കു് പോകേണ്ടിയിരുന്നു. എപ്പോഴും മാതാവോടുകൂടി സഹകരിക്കുന്ന അദ്ദേഹത്തിൻെറ ചെറുകടക്കാരിയായ ഭാര്യ അദ്ദേഹത്തിൻെറ ഓട്ടത്തിനെ എതൃത്തു. അതുകൊണ്ടു അദ്ദേഹത്തിന്നു എത്രമേലിൽ ഓടുവാൻ പാടില്ലെന്നു വിധിച്ചു എന്നുമാത്രമല്ല അദ്ദേഹത്തെ സ്റ്റോർട്ട്സിൽനിന്നും പിരിച്ചു.

"ആ റെയിൽവെ ഡയരക്ടർ തനിച്ചായി 'ആ ഭക്ഷണക്കൂട്ടക്കാർ എന്നെ വിഴുങ്ങും' അയാൾ ഉച്ചത്തിൽ പറഞ്ഞു.

"ആ സമയത്തു് ഗാലുഷ്ക ഹാജരായി: 'ഞാൻ ആ ഭക്ഷണക്കൂട്ടക്കാരെ വിഴുങ്ങും' അവൻ പറഞ്ഞു.

" നിങ്ങൾ എപ്പോഴെങ്കിലും അധികദൂരം ഓടിയിട്ടുണ്ടോ?

"'എൻെറ കുട്ടിക്കാലം മുതൽ.'

"ഗാലുഷ്ക ഒരു മുത്തൻ കളവായിരുന്നു പറഞ്ഞതു്. എന്നാലും ഒരു ചെറിയ ആഗ്രഹം അദ്ദേഹത്തിലുണ്ടായിരുന്നു. തോൽവി പററി എങ്കിൽതന്നെ അവൻ എന്താണു് നഷ്ടപ്പെടുവാൻ പോകുന്നതു്? രണ്ടു കിലോസ് തൂക്കംമാത്രം. എങ്ങിനെയെങ്കിലും അവൻ ജയിച്ചു എങ്കിൽ വണ്ടികളും.

"ചുരുക്കി പറയുകയാണെങ്കിൽ ആ ഞായറാഴ്ച ഗാലുഷ്കയെ ഒരു വിലപിടിച്ച ഗ്ലാസ് പമ്പരത്തേയോ മറേറാപോലെ കൊണ്ടുവന്നു. ഡിൽഫിയ, നീയെന്നെ സ്നേഹിക്കുകയില്ലേ? എന്ന പാട്ടു് ഒരു തെററിയ താളത്തോടുകൂടി പാടുവാൻ തുടങ്ങി. ഗാലുഷ്ക ഇതെല്ലാം ഉശിരോടെ സഹിച്ചു.

"അവസാനം ആ സമയം വന്നെത്തി. അദ്ദേഹത്തിൻെറ അടുത്തു് ഒരു ഫുഡ് സപ്ലയർ പച്ച ഉടുപ്പോടുകൂടി വന്നു നിന്നു. വിസിലടിച്ചു അവർ ഓടുവാനാരംഭിച്ചു.

"ഒരത്ഭുതാവഹമായ കാര്യം സംഭവിച്ചു. അദ്ദേഹം ആ പച്ചക്കുപ്പായക്കാരനെ പിന്നിട്ടു ഉദ്ദേശിച്ച സ്ഥലം അടുക്കാറായി. അദ്ദേഹത്തോടു നിൽക്കുവാൻ കൊടി വീശി. ഗാലുഷ്കയാകട്ടെ ലോകത്തെ തന്നെ മറന്നു ജഡ്ജസ്സിനെ എല്ലാം കടന്നു അധികമധികം ഊക്കോടെ ഓടുവാനാരംഭിച്ചു. അദ്ദേഹത്തെ വിളിച്ചു, വിസിലടിച്ചു എന്നിട്ടും നിന്നില്ല. ഒടുക്കം രണ്ടു പോലീസുകാരും ചില വളണ്ടിയർമാരും അദ്ദേഹത്തിൻെറ വഴിമദ്ധ്യത്തിൽ ചാടിവീണു വിലക്കി. ആദ്യത്തെ മനുഷ്യന്നു ചില്ലറ മുറിവുകൾ പററി. കാരണം ഗാലുഷ്ക അവനെ ഒരു തട്ടുതട്ടി.

"ഇതു് ഗാലുഷ്കയുടെ ജീവിതഗതിക്കു് ഒരു മാററം വരുത്തി. ബാരലുകളും വാഹനങ്ങളും മാത്രമായില്ല അദ്ദേഹത്തിൻെറ ജീവിതോദ്ദേശം. അദ്ദേഹം ഒരു സ്റ്റോർട്ട്സ്മേൻ ആയി. ഒരു പ്രസിദ്ധ ഓട്ടക്കാരൻെറ നിലയിൽ അദ്ദേഹത്തിന്നു കീർത്തി പരന്നു

"ഇപ്പോൾ ഗാലുഷ്കയ്ക്കു തൻെറ ആ സ്റ്റോർട്ട്സ് പരിശീലനം യുദ്ധമുന്നണിയിൽ വളരെ ഉപയോഗപ്രദമായി തോന്നി. ഒരിക്കൽ വോൾട്ടാവയിൽ നമ്മുടെ പട്ടാളത്തിന്നു ഒരു ജർമ്മൻകാരനെ ശത്രുസങ്കേതത്തിൽ പെട്രോൾ പരിശോധനാർത്ഥം പോയപ്പോൾ പിടിക്കേണ്ടിയിരുന്നു. അവനെ ജീവനോടെ പിടിക്കുക എന്നതു് അത്രമാത്രം ആവശ്യമായിരുന്നു. അവൻ എങ്ങിനെയൊ ഓടിപ്പോയി. അവൻ വളരെ വേഗത്തിൽ ഓടി.


"ഗാലുഷ്ക അവൻെറ പിന്നാലെ ഓടി. ഫിൻറഡ് വേഗതകൂട്ടി, ഗാലുഷ്ക വിട്ടില്ല. ദൂരെനിന്നു് ഞങ്ങൾക്കു് അതു് വളരെ തമാശ തോന്നി. 'അവൻ നമ്മുടെ ഗാലുഷ്കയെ നേരെ കീവിലേക്കു് കൊണ്ടുപോകും' ഞങ്ങൾ പറഞ്ഞു.

"എങ്ങിനെ അദ്ദേഹം ആ ജർമ്മൻകാരനെ പിടിച്ചു. ഞാൻ ഹാംബർഗ്ഗ് കമാണ്ടിലെ പ്ര

ധാന ഓട്ടക്കാരനാണ്" ജർമ്മൻകാരൻ പറഞ്ഞുവത്രെ. അതിന്നുശേഷം ഗാലുഷ്ക താൻ അന്തർദ്ദേശീയ ഓട്ടമത്സരത്തിൽ പങ്കെടുത്തിട്ടുണ്ടെന്ന് വീമ്പു പറയാറുണ്ട്.

"ശരി, ഇതാണ് എന്റെ കഥ," ആ ലഫ്ടനന്റ് പറഞ്ഞു. "ഒരത്ഭുതകരമായ ചെറുക്കനാണ് ആ സാർജന്റ് അല്ലേ? സഖാവെ, എനി നിങ്ങളുടെ ഊഴമാണ്. ദയവു ചെയ്ത് തമാശപറയുക."

"തമാശ തന്നെ" ഞാൻ പറഞ്ഞു, "ഇതു നിങ്ങളെ ചിരിപ്പിക്കുമെന്ന് എനിക്കറിയാം. പക്ഷെ ഞാൻ വളരെ ചുരുക്കിയെ പറയുകയുള്ളൂ. നല്ലവണ്ണം ശ്രദ്ധിക്കുക. നിങ്ങൾ യാതൊരു തെററു കൂടാതെ വളരെ ശ്രദ്ധയോടു കൂടി പറഞ്ഞ ആ ഗാലുഷ്ക ഞാൻ തന്നെയാണ്. പക്ഷെ ഞാൻ ഇപ്പോൾ ഒരു സാർജന്റല്ല—ഒരു തികഞ്ഞ ലഫ്ടനന്റ് ആണ്. ഇതിന്നും ഒരു ചെറിയ ദൂരം ഓടിയാൽ പോരാ."



തെന്നിന്ത്യക്കാരായ ഈ ഡോക്ടർമാർ 5½ കൊല്ലമായി യുദ്ധസേവനം ചെയ്തുവരുന്നു.



## ഈസ്ററ് പ്രഷ്യയിൽ ചവപ്പസേന

അന്നു ചെന്നായുക്കൾ, ഇന്ന് ആട്ടിൻകുട്ടികൾ. ഉദ്ധതന്മാരായ ഈസ്ററ് പ്രഷ്യയിലെ ജർമ്മൻപട്ടാളങ്ങൾ നിശ്ശേഷം പരാജിതരായി. തടവു പാളയങ്ങളിലേക്കു, ആടുകൾ കൂട്ടിലേക്കു പോവുന്നപോലെ, പോവുന്നു.



ലോകത്തിൽവെച്ച് ഏററവും വല്യതെന്നു പറയപ്പെടുന്ന ജോസഫ് സ്ററാലിൻ ടാങ്കുകൾ. നാസി മൃഗങ്ങളുടെ താവളത്തിലേക്ക്, അവ വിജയകാഹളവും മുഴക്കി ഇരമ്പിപ്പായുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.